# എഡിറ്റോറിയൽ

ഡയറ്റ് ന്യൂസ്ലെറ്ററിന്റെ ഈ ലക്കം കുട്ടികളുടെ വായനയുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ളതാണ്. പഠനത്തിന്റെ ഭാഗമായി ആശയരൂപീകരണത്തിനും മനോഭാവം, നൈപുണികൾ എന്നിവയുടെ സാർത്ഥകമായ വികാസത്തിനും വായന വലിയൊരു പങ്കുവഹിക്കുന്നുണ്ട്. ഇത്തരമൊരു കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനമൊട്ടാകെ സ്കൂൾ ലൈബ്രറികൾ ശക്തമായത്. പുസ്തകങ്ങളുടെ ലഭ്യത ഇന്ന് വലിയൊരു പ്രശ്നമായി നിലനിൽക്കുന്നില്ല. എന്നാൽ ഇവയുടെ അർത്ഥപൂർണ്ണമായ ഉപയോഗം പലപ്പോഴും നടക്കുന്നില്ല എന്നതാണ് പ്രശ്നം. ഇത്തരമൊരു പ്രശ്നപശ്ചാത്തലത്തിലാണ് യൂണിസെഫിന്റെ സഹായത്തോടെ വയനാട് ഡയറ്റ് ജില്ലയിലെ മുപ്പത്തിമൂന്ന് സർക്കാർ യു. പി. വിദ്യാലയങ്ങളിൽ വായനോത്സവം പരിപാടികൾ സംഘടിപ്പിച്ചത്. ലൈബ്രറിസജ്ജീകരണം, കാറ്റലോഗ് നിർമ്മാണം, ക്ലാസ് ലൈബ്രറി സുസജ്ജമാക്കുന്നതിനുള്ള ട്രൈ ഔട്ട് പ്രവർത്തനങ്ങൾ, ഗ്രാമീണ വായനശാലകൾ, ജനപ്രതിനിധികൾ, എഴുത്തുകാർ, മികച്ച വായനക്കാർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള വായനാപ്രവർത്തനങ്ങൾ, അധ്യാപകരും രക്ഷിതാക്കളും കുട്ടികളുമടങ്ങുന്ന വായനക്കൂട്ടായ്മകളുടെ രൂപീകരണം തുടങ്ങി നിരവധി പ്രവർത്തനങ്ങൾ വായനോത്സവത്തിന്റെ ഭാഗമായി നടന്നു. ഇതിന്റെ അനുഭവങ്ങളും ആശയങ്ങളും പങ്കുവയ്ക്കാനുള്ള ഒരു ശ്രമമെന്ന നിലയിലാണ് ന്യൂസ്ലെറ്ററിന്റെ ഈ ലക്കം വായനയെ കേന്ദ്രീകരിക്കുന്നത്. കുട്ടികൾക്കും അധ്യാപകർക്കും രക്ഷിതാക്കൾക്കും ഇത് വായിക്കുവാനുള്ള അവസരമൊരുക്കുന്നതിന് പ്രധാനാധ്യാപകർ ശ്രമിക്കുമല്ലോ.

സ്നേഹപൂർവ്വം,

ജോർജ്ജ് ജോസഫ്

ചീഫ് എഡിറ്റർ.

# പാഠ്യപദ്ധതിയും വായനയും

നിലവിലുളള പാഠ്യപദ്ധതി വായനക്ക് പ്രമുഖസ്ഥാനം നൽകുന്നുണ്ട്. അറിവിന്റെ നിർമ്മാണമാണ് പഠനം എന്ന നൂതന ആശയത്തെ പിൻപറ്റുന്നതാണ് പാഠ്യപദ്ധതി. പഠിതാവിന് ആശയങ്ങളും വസ്തുതകളും സ്വയം കണ്ടെത്താനുതകുന്ന പഠനാന്തരീക്ഷമൊരുക്കുകയാണ് വേണ്ടത്. സ്വയം പഠനത്തിന്റെ ഈ തലത്തിൽനിന്നുകൊണ്ടാണ് അറിവും അനുഭൂതിയും സ്വാംശീകരിക്കുന്നതിനും മനുഷ്യപക്ഷത്തു നിലയുറപ്പിക്കുന്ന മനോഭാവം രൂപീകരിക്കുന്നതിനും വിവിധപഠനവിഷയങ്ങളുമായി ബന്ധപ്പെട്ട നൈപുണികൾ വികസിപ്പിക്കുന്നതിനും പഠിതാക്കൾക്കു സാധിക്കുന്നത്. സഹകരണാത്മകവും (Co-operative) സഹവർത്തിതവുമായ (Collaborative) ഒരു വിശാല അന്തരീക്ഷം ക്ലാസുമുറിയിൽ രൂപപ്പെടുകയും വേണം. അറിവിന്റെ നിർമ്മാണം ഇത്തരമൊരന്തരീക്ഷത്തിലാണ് ഫലപ്രദമാകുന്നത്.

അറിവിന്റെ നിർമ്മിതിക്കായി കുട്ടി വിവരങ്ങൾ ശേഖരിക്കുന്നത് ചുറ്റുപാടുകളിൽനിന്നുമാണ്. പ്രശ്നപരിഹരണത്തിന്റെ ഭാഗമായി പ്രകൃതിയെയും സമൂഹത്തെയും നിരീക്ഷിക്കുന്ന കുട്ടി വിശാലമായ അർത്ഥത്തിൽ അവയെ വായിച്ചെടുക്കുകയാണെന്നു പറയാം. ഇതിനുമപ്പുറത്തുള്ള അറിവിന്റെ ലോകം പുസ്തകങ്ങളിലൂടെയാണ് കുട്ടികൾ തേടിപ്പിടിക്കുന്നത്. അറിവിനൊപ്പം സ്വന്തം സൗന്ദര്യബോധത്തെയും ഭാവനയെയും തൃപ്തിപ്പെടുത്താനായി സാഹിത്യകൃതികളും അവർ വായിക്കുന്നു. ഇതിന്റെ ഫലമായി വിവിധ ഭാഷാവ്യവഹാരരൂപങ്ങളിലൂടെ സ്വന്തം സർഗാത്മകതയെ വികസിപ്പിച്ചെടുക്കുകയും ചെയ്യുന്നു.

വായന കുട്ടികളുടെ മാനസിക ചക്രവാളങ്ങളെ വികസ്വരമാക്കുന്നുണ്ട്. അറിവ് നിർമ്മിച്ചുകൊണ്ടും സർഗാത്മകതയെ പരിപോഷിപ്പിച്ചുകൊണ്ടും വായന പുരോഗമിക്കുന്നു. വായനാവേളയിൽ മനസ്സിലുയരുന്ന ചോദ്യങ്ങൾക്കു മറുപടി തേടുന്ന ജ്ഞാനവികാസം സ്വയം പഠനത്തിന്റെ ശക്തിയെയാണ് വിളംബരം ചെയ്യുന്നത്. അറിഞ്ഞതിൽനിന്നും അറിയാത്തതിലേക്കുള്ള നിരന്തരയാത്ര കുട്ടിയുടെ സ്വാഭാവികജ്ഞാനവികാസത്തെയാണ് ലക്ഷ്യമിടുന്നത്.

പുല്ലിനോടും പൂക്കളോടും പൂമ്പാറ്റകളോടും സംവദിക്കാൻ കുട്ടികൾ ചെറുപ്രായത്തിൽതന്നെ അവരുടേതായ ഒരു ഭാഷ വികസിപ്പിച്ചെടുക്കുന്നുണ്ട്. അമ്മൂമ്മക്കഥകളിലും താരാട്ടുപാട്ടുകളിലും മഴയുടെ നാനാർത്ഥങ്ങളിലും കാതോർക്കുകയും മാനുഷികതയുടെ നന്മകളിലൂടെ സഞ്ചരിക്കുകയും ചെയ്യുന്ന അക്കാലത്തുനിന്നാണ് കുട്ടികൾ പാഠശാലയിലെത്തുന്നത്. അവിടെ അവരാദ്യമായി പരിചയപ്പെടുന്ന അക്ഷരങ്ങൾ ജഢമായ വസ്തുക്കൾ മാത്രമായിരിക്കും. ഈ ജഢവസ്തുക്കളെ ജീവനുള്ളതാക്കി കുട്ടികൾക്കു സമ്മാനിക്കുവാൻ അധ്യാപികയ്ക്കു കഴിയണം. വർണചിത്രങ്ങളിൽ വിസ്മയംകൊണ്ടും അക്ഷരങ്ങൾ വെളിപ്പെടുത്തുന്ന അനുഭവലോകങ്ങളെ സ്വാംശീകരിച്ചുകൊണ്ടും കുട്ടി വളരുന്നു. അന്വേഷണങ്ങളുടെ ആരംഭമാണിത്. അടുത്തുള്ള ലോകം സ്വയം നിരീക്ഷിച്ചും അകലങ്ങളെ പുസ്തകങ്ങളിലൂടെ വായിച്ചെടുത്തും കുട്ടി അറിവ് നിർമ്മിക്കുകയാണ്. ഇതിന് കേവലം പാഠപുസ്തകങ്ങൾ മാത്രം പോരാ. പാഠപുസ്തകങ്ങൾക്കു പുറത്താണ് ജീവിതമുള്ളത്. ആ ജീവിതത്തിലേക്കുള്ള യാത്രയാണ് വായന.

## എന്റെ വായന – കെ.പി.അപ്പൻ

മനുഷ്യൻ ലോകത്തെ അറിയുന്നതിന്റെ ഏറ്റവും വിലപ്പെട്ട ആധാരരേഖയാണ് പുസ്തകം. അതിന്റെ വായന വെറും അറിവല്ല തരുന്നത്. വിശേഷമായ അറിവുകളാണ്. അതു തീയുടെ ദാഹകശക്തിയോടെ എന്റെ മനസ്സിലേക്ക് കടന്നുവരുന്നു. ഈ ലോകം വളരെ മെച്ചപ്പെട്ടതാണെന്ന കാഴ്ചയുടെ സ്ഥിതി എന്നെ വളരെ ആകർഷിക്കാറില്ല. ലോകത്തിന്റെ രോഗസ്ഥിതിയാണ് വായനയിൽ എന്റെ മനസ്സിൽ തട്ടുന്നത്. ഇതോടൊപ്പം ലൗകികാവസ്ഥയ്ക്ക് അപ്പുറമുള്ളതിലേക്ക് വായന എന്നെ കൂട്ടിക്കൊണ്ടുപോകാറുണ്ട്. എഴുത്തിന്റെ ലോകം ചരിത്രം നിർണയിക്കുന്ന പരിധിക്കുള്ളിൽ നിൽക്കുന്നില്ല. അതിനപ്പുറത്തേക്ക് പോകുന്നു. അപ്പോൾ വായന എന്നെ പറക്കാൻ പഠിപ്പിക്കുന്നു. വിദേശഗ്രന്ഥങ്ങൾ എന്റെ വായനയിലേക്ക് ഒരുപാട് കടന്നുവരാറുണ്ട്. അവയെ സാംസ്കാരിക നിർമ്മിതികളായി ഞാൻ കാണുന്നു. എന്നാൽ വിദേശസംസ്കാരപഠനം എന്ന നിലയിൽ മാത്രം ഞാൻ ആ പുസ്തകങ്ങൾ വായിക്കുന്നില്ല. സർവജനസുഗ്രഹമായ ജീവിതാവസ്ഥ എന്ന നിലയിലാണ് എന്റെ വായന പലപ്പോഴും അതിനെ തിരിച്ചറിയുന്നത്.

പുസ്തകം എഴുതപ്പെട്ട ലോകമാണ്. എഴുതപ്പെട്ട ലോകം ഒരു വസ്തുവാണ്. ഏതുതരം വസ്തുവാണത്? അറിയപ്പെടേണ്ട വസ്തുവാണ്. ഈ സ്ഥിതിയിൽ മനുഷ്യമനസ്സിന് അതു വിഷയമാണ്. ഈ അർത്ഥത്തിൽ എല്ലാത്തരം വായനയും ആത്മനിഷ്ഠമാണ്. അല്ലെങ്കിൽ ആത്മനിഷ്ഠമായ വസ്തുനിഷ്ഠതയാണത്. ആസ്വാദനത്തോടെ വായനയിലെ പുസ്തകത്തിന്റെ ജീവിതം പൂർണ്ണമാകുന്നില്ല. ഓരോ പുസ്തകവും സർഗാത്മകമായ വായന ആവശ്യപ്പെടുന്നുണ്ട്. മാറ്റത്തിന് വിധേയമാകാൻ സന്നദ്ധമായി നിൽക്കുന്ന പ്രതിപാദനം കൂടിയാണത്. ഇതറിഞ്ഞുകൊണ്ടുള്ള വായനയാണ് എന്റേത്.

അവലംബം : വായന മാസിക

## എന്താണ് വായന?

വായനക്ക് അനേകം നിർവ്വചനങ്ങൾ നൽകപ്പെട്ടിട്ടുണ്ട്. ഒരർത്ഥത്തിൽ ഓരോ വ്യക്തിക്കും വായന അവർക്കുമാത്രം നിർവ്വചിക്കാൻ കഴിയുന്ന ഒന്നാണ്. അതുകൊണ്ടുതന്നെയാവണം രണ്ടാൾ ഒരു പുസ്തകം വായിക്കുന്നില്ല എന്നു പറയുന്നത്. ഒരേ പുസ്തകം പലതവണ വായിക്കുമ്പോൾ ലഭിക്കുന്ന അറിവും ആഹ്ലാദവും വികാരവിചാരങ്ങളുമെല്ലാം വ്യത്യാസപ്പെട്ടുകൊണ്ടുമിരിക്കും. എഴുത്തുകാരനുമായി സംവദിക്കുകയും പുതിയ അർത്ഥതലങ്ങൾ കണ്ടെത്തുകയും ചെയ്യുന്ന ഒരു സജീവമാനസിക പ്രക്രിയയാണ് വായന എന്നുപറയാം. പുതിയ ആശയങ്ങളും ധാരണകളും വായനക്കാരെ നിരന്തരം നവീകരിക്കുകയും മാറ്റിത്തീർക്കുകയും ചെയ്യുന്നു. വായനയിലൂടെ ലഭിക്കുന്ന ആശയങ്ങളും ധാരണകളും നവലോകസൃഷ്ടിയിലേക്കു നയിക്കുന്ന പ്രവർത്തനങ്ങളിലേർപ്പെടാൻ വായനക്കാരനെ പ്രചോദിപ്പിക്കുന്നു. മൂഢവിശ്വാസങ്ങളെ ഇല്ലായ്മചെയ്യുവാനും സാമൂഹ്യതിന്മകളെ തുടച്ചുനീക്കുവാനും വായന പ്രേരകമാകുന്നു. ഇങ്ങനെ സ്വയം പ്രവർത്തനമായിത്തീരുന്ന വായനയിലേക്കു കുട്ടികളെ നയിക്കുവാൻ അധ്യാപകർക്കു കഴിയണം. ഒരു ജനാധിപത്യസാമൂഹ്യക്രമത്തിൽ നീതിയുടെ പക്ഷത്തു നിലയുറപ്പിക്കുവാനും സാമൂഹ്യനീതിയിലധിഷ്ഠിതമായ ഒരു ജീവിതക്രമം രൂപപ്പെടുത്തുവാനുമുള്ള ആശയങ്ങളും മനോഭാവവുമെല്ലാം വായനയിലൂടെ രൂപപ്പെടേണ്ടതുണ്ട്.

### വായനയെക്കുറിച്ച് ഡോ: സുകുമാർ അഴീക്കോട്

'അച്ഛൻ വിദ്വാനായിരുന്നു - ബിരുദത്തിലും യഥാർത്ഥത്തിലും. അച്ഛന്റെയും പിതാമഹന്റെയും സ്വത്തായിട്ട് എനിക്ക് ചെറുപ്പത്തിലേ കൈയിൽ കിട്ടിയതും പുസ്തകങ്ങളായിരുന്നു. അക്കാലത്ത് ആയിരത്തോളം വരുന്ന ഗ്രന്ഥങ്ങൾ അടങ്ങിയ ഒരു ഗ്രന്ഥാലയം ചെറുതെന്ന് പറഞ്ഞുകൂടല്ലോ. വീട്ടിൽ ഒന്നുരണ്ടു ഷെൽഫുകളിൽ അവ അടുക്കിവെച്ചിരുന്നു. വേറെ കളിപ്പാട്ടങ്ങളില്ലാതിരുന്ന എനിക്ക് ഇവ കളിപ്പാട്ടങ്ങളായി. വേറെ കളിക്കോപ്പുണ്ടായിരുന്നെങ്കിലും ഞാൻ ഇവയെയല്ലാതെ സ്വീകരിക്കുമായിരുന്നോ എന്നും സംശയിക്കാം. കുട്ടികൾക്കു സഹജമായിട്ടുള്ള ഒരു 'പുസ്തക അലർജി' ഉണ്ടല്ലോ - വിദ്യാലയങ്ങൾ സൃഷ്ടിക്കുന്ന ഒരു മാനസികരോഗം; ആ ബാധ എനിക്കില്ലാതിരുന്നത് ഇവ കളിപ്പാട്ടങ്ങളെപ്പോലെ ചെറുപ്പത്തിൽ സുലഭമായതുകൊണ്ടാകാം.

ഞാൻ പഠിച്ച ഹയർ എലിമെന്ററി സ്കൂളിലും ഹൈസ്കൂളിലും ലൈബ്രറി എന്നൊന്ന് ഉണ്ടായിരുന്നെങ്കിൽ വിദ്യാർത്ഥികൾക്ക് അത് പ്രയോജനപ്പെട്ടിരുന്നില്ല. ഈ ന്യൂനത ഞാൻ നന്നായി പരിഹരിച്ചത് വീട്ടിലെ ഈ പുസ്തകവനിയിൽ ഇറങ്ങിത്തപ്പിയാണ്. കോളജിൽ എത്തിയപ്പോൾ ഗ്രന്ഥാലയം എന്ന വിജ്ഞാനഖനിയായി എന്റെ നിത്യവ്യവഹാരഭൂമി. മംഗലാപുരത്ത് സെന്റ് അലോഷ്യസ് കോളജിൽ ഇന്റർമീഡിയറ്റിനും ബി.കോം. ഡിഗ്രിക്കും പഠിക്കുമ്പോൾ ആഴ്ചയിൽ നാലും അഞ്ചും പുസ്തകങ്ങൾ വായിച്ചിരുന്നു. പഠിപ്പും കൂട്ടത്തിൽ നടന്നു. ആംഗലസാഹിത്യത്തിൽ പ്രമുഖ ക്ലാസിക് നോവലിസ്റ്റുകളായ ഡിക്കൻസ്, ഹാർഡി, ട്രൊലോപ്പ്, എമിലി ബ്രോൺടെ, ജോർജ്ജ് എലിയട്ട് തുടങ്ങിയവരുടെ നോവലുകളും ഷെല്ലി, കീറ്റ്സ്, വേഡ്സ്വർത്ത്, കോൾറിഡ്ജ്, ബയറൺ തുടങ്ങിയവരുടെ കവനങ്ങളും ഭാരതീയ - യവന തത്വചിന്താപഠനങ്ങളും മറ്റും മറ്റും ലക്കില്ലാതെ വായിച്ചുകൂട്ടിയ ആ കാലത്ത് ഞാൻ സ്ഥിരമായി ഗ്രന്ഥപാരായണത്തിന്റെ അനവദ്യസുഖം അനുഭവിച്ചു.'

- 'നവയാത്രകൾ' എന്ന ഗ്രന്ഥത്തിൽനിന്ന്

## അധ്യാപികയും വായനയും

പഠനം ആഴത്തിലുള്ള അറിവും ഉയർന്ന ചിന്തയും നൽകുന്നതാവണം. കുട്ടികൾക്കു വിജ്ഞാനം സൃഷ്ടിക്കാൻ അവസരവും അനുഭവവും നൽകാൻ അധ്യാപികയ്ക്കു കഴിയണം. ഇതിനുള്ള ശക്തമായൊരുപാധിയാണ് വായന. കുട്ടികളെ വായനയിലേക്കു നയിക്കുന്നതിന് അധ്യാപിക നല്ലൊരു വായനക്കാരിയാവേണ്ടതുണ്ട്. നിരന്തരം നവീകരിച്ചുകൊണ്ടിരിക്കുന്ന അറിവിന്റെ ഉടമയാവാൻ അധ്യാപിക ശ്രമിക്കണം. എങ്കിൽ മാത്രമേ വായനയുടെ യഥാർത്ഥ വഴികളിലൂടെ കുട്ടികളെ നയിക്കുവാൻ അധ്യാപികക്കു കഴിയൂ. ഭാഷാപഠനവുമായി ബന്ധപ്പെട്ടു മാത്രമാണ് വായന നടക്കേണ്ടതെന്ന് ചിലരെങ്കിലും അഭിപ്രായപ്പെടാറുണ്ട്. സർഗാത്മക രചനകൾക്ക് വായനയിൽ അതീവപ്രാധാന്യമുണ്ടെന്നതു നേരുതന്നെ. കഥയും കവിതയും നോവലുകളുമെല്ലാം കുട്ടികളുടെ വായനയിൽ സ്വാഭാവികമായി കടന്നുവരും. ഇത്തരം രചനകളുടെ വായനയിലേക്കു നയിക്കുക താരതമ്യേന എളുപ്പവുമാണ്. പക്ഷേ, വിവിധ വിഷയങ്ങളുമായി ബന്ധപ്പെടുത്തി വിവിധ വിജ്ഞാനശാഖകളിൽപ്പെട്ട പുസ്തകങ്ങൾ കുട്ടി വായിക്കേണ്ടതുണ്ട്. അവ ഏതൊക്കെയാവണമെന്ന് അധ്യാപികക്ക് ധാരണയുണ്ടാവണം. പ്രോജക്റ്റ്, അസൈൻമെന്റ്, സെമിനാർ തുടങ്ങിയ പഠനതന്ത്രങ്ങളുമായി ബന്ധപ്പെടുത്തി വായന പുരോഗമിക്കേണ്ടതുണ്ട്. അധ്യാപികയുടെ ദൈനംദിന ആസൂത്രണത്തിന്റെ ഭാഗമായി ഉപയോഗപ്പെടുത്തേണ്ട പുസ്തകങ്ങൾ ഏതൊക്കെയാണ്, അധ്യാപികയുടെ റഫറൻസ് പുസ്തകങ്ങളേവ? ഈയൊരു തലത്തിൽനിന്നുകൊണ്ട് ഓരോ അധ്യാപികയും വായനയെ നോക്കിക്കാണേണ്ടതുണ്ട്.

## ടീച്ചർ തയ്യാറാക്കുന്ന വായനാസാമഗ്രി

പഠനം അറിവിന്റെ നിർമ്മിതിയാണെന്ന കാഴ്ചപ്പാടാണ് മാറിയ പാഠ്യപദ്ധതിക്കുള്ളത്. ഇതിന് പഠനരീതിതന്നെ മാറുകയും പുതിയ പഠനതന്ത്രങ്ങൾ നിലവിൽ വരികയും ചെയ്തു. പ്രോജക്റ്റ്, സെമിനാർ, അസൈൻമെന്റ് തുടങ്ങിയ പഠനതന്ത്രങ്ങൾ സാർത്ഥകമാകണമെങ്കിൽ കുട്ടികൾ ധാരാളമായി വായിക്കേണ്ടതുണ്ട്. വിവരശേഖരണത്തിനും ആശയരൂപീകരണത്തിനും അതുവഴി അറിവിന്റെ നിർമ്മിതിക്കുമായി വായന ഒഴിവാക്കാനാവാത്ത ഒരു പഠനപ്രവർത്തനമായി മാറേണ്ടതുണ്ട്. ചില ഘട്ടങ്ങളിലെങ്കിലും അധ്യാപകർതന്നെ കുട്ടികൾക്കാവശ്യമായ വായനാ സാമഗ്രികൾ തയ്യാറാക്കേണ്ടതായി വരും. പ്രാദേശികചരിത്രപഠനത്തിന്റെ ഭാഗമായി കുട്ടികൾ പഴശ്ശിരാജാവിനെക്കുറിച്ച് വായിക്കേണ്ട സന്ദർഭമുണ്ടാകുന്നുവെന്നിരിക്കട്ടെ. പഴശ്ശിയെക്കുറിച്ചും പഴശ്ശിസമരങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്ന ധാരാളം ഗ്രന്ഥങ്ങളുണ്ട്. ക്ലാസിലെ എല്ലാ കുട്ടികൾക്കും ഈ പുസ്തകങ്ങളിലേക്ക് പോകാൻ കഴിഞ്ഞെന്നു വരില്ല. ഇത് മറികടക്കാൻ ടീച്ചർക്ക് എന്തുചെയ്യാൻ കഴിയും? ടീച്ചർ ഇത്തരം പുസ്തകങ്ങൾ വായിക്കുകയും പഴശ്ശിയെക്കുറിച്ചും പഴശ്ശിസമരങ്ങളെക്കുറിച്ചും സാമ്രാജ്യത്വവിരുദ്ധ പോരാട്ടങ്ങളിൽ പഴശ്ശിയുടെ സ്ഥാനത്തെക്കുറിച്ചും സമഗ്രമായ ഒരു പഠനസാമഗ്രി എഴുതി തയ്യാറാക്കുകയും കുട്ടികൾക്ക് നൽകുകയും ചെയ്യാവുന്നതാണ്. അധ്യാപിക എന്ന നിലയിൽ തന്റെ അറിവിനെ വികസിപ്പിക്കുന്നതിനും അതുവഴി കുട്ടികളുടെ പഠനത്തിൽ കുട്ടിയോടൊപ്പം അറിവിന്റെ നിർമ്മാതാവായി മാറുന്നതിനും ഇതു സഹായകമാകും. വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് ഇത്തരത്തിൽ കുട്ടികൾക്ക് ഫലപ്രദമായ വായനാസാമഗ്രികൾ നിർമ്മിച്ചു നൽകാൻ അധ്യാപിക മുൻകൈയെടുക്കണമെന്നു മാത്രം.

## കുട്ടിയുടെ വായന

പാഠപുസ്തകങ്ങളുടെ ഉള്ളടക്കം മനഃപാഠമാക്കുന്ന രീതിയാണ് സാമ്പ്രദായിക പഠനമുറിയുടെ പ്രധാന ലക്ഷ്യമായിരുന്നത്. പാഠപുസ്തകത്തിനപ്പുറത്തേക്കുള്ള വായന അതിന്റെ ലക്ഷ്യമായിരുന്നില്ല. നൂതനവിദ്യാഭ്യാസചിന്തകൾ ഈ ധാരണയെ തകിടം മറിക്കുകയും വായന പഠനത്തിന്റെ മുഖ്യഘടകമായി മാറുകയും ചെയ്തു. പുതിയ പാഠ്യപദ്ധതി ജ്ഞാനനിർമ്മിതിവാദത്തിന്റെ അടിത്തറയിലാണ് സ്വരൂപിച്ചിട്ടുള്ളത്. അറിവിന്റെ നിർമ്മിതിയിൽ വായനക്കുള്ള സ്ഥാനം ദൃഢപ്പെടുത്തിക്കൊണ്ടാണ് പഠനതന്ത്രങ്ങളാവിഷ്ക്കരിച്ചിട്ടുള്ളത്. പഠനത്തിന്റെയും ആസ്വാദനത്തിന്റെയുമൊക്കെ ഭാഗമായി കുട്ടികൾ സ്വാഭാവികമായും വായനയിലേർപ്പെടേണ്ടതുണ്ട്. അറിവിന്റെ നിധിയന്വേഷിച്ച് ഒരു പുസ്തകത്തിൽനിന്നും മറ്റൊരു പുസ്തകത്തിലേക്ക് സഞ്ചരിക്കുന്ന പഠിതാവിനെയാണ് ഇന്ന പഠനമുറികളിൽ നാം കണ്ടുമുട്ടുന്നത്. സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി, വായനാമൂല, വായനക്കൂട്ടായ്മ, റീഡേഴ്സ് ക്ലബ്ബ് എന്നിവയെല്ലാം വായനയുടെ പ്രാധാന്യം തിരിച്ചറിഞ്ഞതിന്റെ ഭാഗമായാണ് പ്രബലമായിട്ടുള്ളത്.

### എനിക്കേറ്റവും ഇഷ്ടപ്പെട്ട പുസ്തകം

– ഗീതാ ഹിരണ്യൻ

'ഏറ്റവും ഇഷ്ടമായ പുസ്തകത്തെക്കുറിച്ചു പറയൂ എന്നാവശ്യപ്പെടുമ്പോൾ ഞാൻ ആനിന്റെ ഡയറിക്കുറിപ്പുകൾ ഓർക്കും. എന്തെന്നാൽ അതു കേവലം പതിമൂന്നുവയസ്സുകാരിയുടെ ആത്മകഥയാണ്. പരസ്യപ്പെടുത്തണമെന്നോ, അന്യരുടെ പ്രശംസ പിടിച്ചുപറ്റണമെന്നോ അതെഴുതുന്ന കാലത്ത് എഴുത്തുകാരി ലക്ഷ്യം വെയ്ക്കാത്തതുകൊണ്ട് മിനുക്കപ്പെടുത്തുകയോ, മനോനിലകളെ ഒളിച്ചുവയ്ക്കുകയോ ചെയ്യാത്ത തുറന്നുപറച്ചിലിന്റെ സുഖവും ഭംഗിയുമുള്ള ഒരു എഴുത്ത്.

ആൻ തന്റെ ഡയറി എഴുതാൻ തുടങ്ങുന്നത് ലോകമഹായുദ്ധകാലത്താണ്. അതുകൊണ്ട് തന്നെ അസാധാരണമായ ജീവിതസാഹചര്യങ്ങളും ഭയവും ദുരിതവും മഹായുദ്ധവിപത്തുകളും പട്ടിണിയും ഒരു കുട്ടിയുടെ മനോനിലയ്ക്കും അപ്പുറമെന്നു തോന്നിക്കുന്ന വിധത്തിൽ അതിൽ എഴുതിക്കാണാം. എന്നാൽ ഏതു ക്ലേശത്തിലും കൈവിട്ടുപോകാത്ത ഫലിതവും കുസൃതിയും ആർജ്ജവവും കൊണ്ട് സമ്പന്നയാണ് താൻ എന്നും ആ ഡയറിയിലൂടെ ആൻ തെളിയിക്കുന്നു. ലോകമഹായുദ്ധകാലത്ത് നാസിഭീകരൻമാർക്കു പിടികൊടുക്കാതെ അവർക്ക് അധീനപ്പെട്ട ഹോളണ്ടിൽ രണ്ടു വർഷക്കാലം അജ്ഞാതവാസമനുഭവിക്കുകയായിരുന്നു ആനും കുടുംബവും. കുടുംബസ്നേഹിതനായ വാർഡന്റെ കുടുംബാംഗങ്ങളും അക്കാലത്ത്, പുറത്തേക്കിറങ്ങാനോ നേരാംവണ്ണം ഒന്നു ശബ്ദിക്കാനോ അനങ്ങാനോ സാധിക്കാത്ത ആ എട്ടു മനുഷ്യജീവികളനുഭവിച്ച ദുരന്തജീവിതത്തിന്റെ ശരിചിത്രങ്ങളാണ് ആനിന്റെ ഡയറിയിൽ'.

- ഗീതാ ഹിരണ്യൻ

ഇനിയും വീടാത്ത ഹൃദയത്തിന്റെ കടം

* ടീച്ചർ വായിച്ച പുസ്തകങ്ങൾ ക്ലാസുമുറിയിൽ പരിചയപ്പെടുത്തുന്നത് കുട്ടികളുടെ വായനയെ പ്രോത്സാഹിപ്പിക്കുമോ?

## പുസ്തകങ്ങൾ എവിടെനിന്നെല്ലാം?

പഠനത്തിന്റെ ഭാഗമായി വായിക്കപ്പെടേണ്ട പുസ്തകങ്ങൾ ക്ലാസ് ലൈബ്രറികളിൽ സജ്ജമാക്കാൻ അധ്യാപികക്കു കഴി

യണം. പാഠാസൂത്രണത്തിന്റെ ഭാഗമായി അത്തരം പുസ്തകങ്ങൾ മുൻകൂട്ടി കണ്ടെത്തുകയും സ്കൂൾ ലൈബ്രറിയിൽനിന്നോ, സ്വന്തം പുസ്തകശേഖരത്തിൽനിന്നോ, ഗ്രാമീണ വായനശാലകളിൽനിന്നോ ശേഖരിച്ച് ക്ലാസ് ലൈബ്രറിയിൽ പ്രയോജനപ്പെടുത്താവുന്നതാണ്. കുട്ടികൾക്ക് അവരുടെ വിപുലമായ വായനക്ക് സ്കൂൾ ലൈബ്രറി പ്രയോജനപ്പെടുത്താൻ കഴിയും. ഇങ്ങനെ വായനയിൽ തല്പരരായി മാറുന്ന കുട്ടികൾ പുസ്തകങ്ങളെ സ്നേഹിക്കുകയും അവ കണ്ടെത്തുന്നതിന് പ്രാദേശിക ലൈബ്രറികളെ സമീപിക്കുകയും ചെയ്യും. ഒരു പടി കൂടി കടന്ന് വീട്ടിലൊരു ലൈബ്രറി എന്ന നിലയിൽ രക്ഷിതാക്കളുടെ സഹായത്തോടെ സ്വന്തം പുസ്തകശേഖരണം നടത്തുകയും ചെയ്യും. അങ്ങനെ ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പ്രാദേശിക ലൈബ്രറി എന്നിവയുമായി ബന്ധപ്പെട്ട ഒരു വായനാസംസ്കാരം കുട്ടികളിലും അധ്യാപകരിലും രൂപപ്പെടുകയാണു വേണ്ടത്.

## കുട്ടി എന്താണു വായിക്കേണ്ടത്?

ലോവർ പ്രൈമറി ക്ലാസുകളിൽ ചിത്രകഥകളും ഫാന്റസികളുമാണ് കുട്ടികൾ ധാരാളമായി വായിക്കുന്നത്. ഈയൊരു പ്രവണത മനസ്സിലാക്കിക്കൊണ്ട് ധാരാളം ബാലപ്രസിദ്ധീകരണങ്ങൾ അങ്ങാടിയിലെത്തുന്നുമുണ്ട്. ചിത്രകഥകൾ പലതും കുട്ടികളുടെ ഭാവനയെ പരിമിതപ്പെടുത്തുന്ന തരത്തിൽ ശുഷ്കമായാണ് കണ്ടുവരുന്നത്. അമ്മൂമ്മക്കഥകളിലും മറ്റും പ്രകടമാകുന്ന തരം ഫാന്റസികൾ കുട്ടികളുടെ ഭാവനയെ അതിവ വിപുലമാക്കുക തന്നെ ചെയ്യും. ബാലപ്രസിദ്ധീകരണങ്ങളിൽ കണ്ടുവരുന്ന മൃഗകഥകൾ പലതും പരസ്പരം കൊന്നൊടുക്കുന്ന തരത്തിൽ ഹിംസാത്മകത നിറഞ്ഞതാണ്. ഇത്തരം പ്രസിദ്ധീകരണങ്ങളിൽ പ്രകടമാകുന്ന പരിമിതമായ ലോകങ്ങൾ കുട്ടികളുടെ മാനസിക വികാസത്തിനും അറിവിന്റെ നിർമ്മാണത്തിനും പ്രയോജനപ്പെടുന്നില്ലെന്ന് അവ സൂക്ഷ്മമായി വിശകലനം ചെയ്താൽ മനസ്സിലാകും. കുട്ടികൾ ധാരാളമായി വാങ്ങുകയും വായിക്കുകയും ചെയ്യുന്ന ഇത്തരം രചനകളുടെ പരിമിതവട്ടങ്ങളിൽനിന്നും കുട്ടികൾ മോചിതരാകേണ്ടതുണ്ട്. കുട്ടികൾക്കായുള്ള നല്ല പ്രസിദ്ധീകരണങ്ങളും നിലവിലുണ്ട്. അവ കണ്ടെത്തി അവയുടെ വായനയിലേക്ക് കുട്ടികളെ നയിക്കാവുന്നതാണ്. നാഷണൽ ബുക്ക് ട്രസ്റ്റിന്റെ കുട്ടികൾക്കായുള്ള പുസ്തകങ്ങളെല്ലാം തന്നെ അന്താരാഷ്ട്ര നിലവാരമുള്ളതാണെന്നു പറയാം. ഇത്തരം പുസ്തകങ്ങളാണ് കുട്ടികൾക്കു നൽകേണ്ടത്.

ഉയർന്ന ക്ലാസുകളിലെത്തുമ്പോഴും ഇത്തരം രചനകൾ തന്നെ വായിച്ചുകൊണ്ടിരിക്കുകയും അഥവാ നൽകുകയും ചെയ്യുന്ന രീതി ആശാസ്യമല്ല. കുട്ടികൾക്കു മനസ്സിലാവില്ലാ എന്ന മുൻവിധിയോടെ മുതിർന്നവർ തള്ളിക്കളയുന്ന പല പുസ്തകങ്ങളും കുട്ടികളാണ് ഏറെ ആസ്വദിച്ചു വായിക്കുന്നത് എന്ന് പലപ്പോഴും വെളിവാക്കപ്പെട്ടിട്ടുണ്ട്. ചെറിയ ക്ലാസുകളിൽ പഠിക്കുമ്പോൾ തന്നെ ലോക ക്ലാസ്സിക്കുകൾ വായിച്ച എഴുത്തുകാരെയും മറ്റ് മഹാൻമാരെയും നമുക്കറിയാമല്ലോ. വായനയുടെ സ്വാതന്ത്ര്യം നിഷേധിക്കുന്നത് ഒരു തരത്തിൽ കുട്ടികളുടെ അവകാശധ്വംസനമാകില്ലേ? മികച്ച കൃതികൾ കണ്ടെത്തി അവയിലേക്കു നയിക്കുവാനാണ് മുതിർന്നവർ ശ്രദ്ധിക്കേണ്ടത്.

## വായന പ്രോത്സാഹിപ്പിക്കുന്നതിന്......

കുട്ടികളെ വായനയിലേക്കു നയിക്കുന്നതിന് മുതിർന്നവർക്ക് ധാരാളം കാര്യങ്ങൾ ചെയ്യാൻ കഴിയും. വായന ഒരു തരത്തിലും അടിച്ചേല്പിക്കുന്ന തരത്തിലാവരുതെന്നു മാത്രം. വായിച്ച ഒരു കഥാപുസ്തകത്തിലെ ഒരു കഥ പറഞ്ഞുകൊടുത്തുനോക്കൂ. സ്വാഭാവികമായും ആ സമാഹാരത്തിലെ മറ്റു കഥകൾ വായിക്കാൻ കുട്ടിക്ക് വലിയ താല്പര്യമുണ്ടാകും. ഇത്തരത്തിൽ സ്വാഭാവികമായ താല്പര്യം കുട്ടിയിലുണർത്താൻ കഴിയണം. സ്വന്തം ഇഷ്ടത്തിനും താല്പര്യത്തിനുമനുസരിച്ച് പുസ്തകങ്ങൾ കണ്ടെത്തുകയും വായിക്കുകയും ചെയ്യുന്നതാണ് സ്വാഭാവികവും ജൈവികവുമായ വായന. കുട്ടികളുടെ ജ്ഞാനനിർമ്മാണ പ്രക്രിയകളിൽ അവരുടെ ആവശ്യങ്ങളെ തൃപ്തിപ്പെടുത്തുന്നതും സർഗാത്മകതയെ വികസ്വരമാക്കുകയും ചെയ്യുന്ന തരത്തിലുള്ള പുസ്തകപ്രപഞ്ചം അവന് / അവൾക്ക് പ്രാപ്യമാക്കുകയാണ് ആദ്യം വേണ്ടത്. തുടർന്ന് അവരുടെ വായനക്ക് ദിശാബോധം നൽകുന്നതിനും വായനയിലൂടെ മാനസികമായ വികാസം ലഭിക്കുന്നതിനും ആവശ്യമായ വായനാപ്രവർത്തനങ്ങൾ നൽകുവാൻ കഴിയണം. അത്തരം ചില പ്രവർത്തനങ്ങൾ തുടർന്നുള്ള പേജുകളിൽ നൽകിയിട്ടുണ്ട്.

## ദൃശ്യമാധ്യമങ്ങളെ പഴിചാരണമോ?

സിനിമയും ടെലിവിഷനുമടക്കമുള്ള ദൃശ്യമാധ്യമങ്ങൾ വായനയെ പരിമിതപ്പെടുത്തുന്നു എന്ന് നാം വേവലാതിപ്പെടാറുണ്ട്. എന്നാൽ ദിവസേന വർദ്ധിച്ചുവരുന്ന ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ എണ്ണവും അച്ചടിശാലകളിൽനിന്നും നിരന്തരം പുറത്തേക്കുവരുന്ന പുസ്തകങ്ങളുടെ എണ്ണവും ഇക്കാര്യത്തെ സാധൂകരിക്കുന്നില്ല. വായന മരിക്കുന്നില്ലെന്നതാണ് സത്യം. പക്ഷേ, നമ്മുടെ കുട്ടികൾ ദൃശ്യമാധ്യമങ്ങളുടെ പിടിയിലകപ്പെട്ടുകൊണ്ടിരിക്കുന്നു എന്നത് കുറെയൊക്കെ ശരിയാണ്. ക്രിക്കറ്റും അതിഭാവുകത്വം നിറഞ്ഞ സീരിയലുകളും സിനിമകളും ഇതിനു കാരണമാകുന്നുണ്ട്. 'നിങ്ങൾ പഠിക്ക്, ഞങ്ങൾ സീരിയൽ കാണട്ടെ' എന്ന മുതിർന്നവരുടെ സമീപനത്തിലാണ് പ്രധാനമായും മാറ്റം വരേണ്ടത്. വിജ്ഞാനപ്രദങ്ങളായ നിരവധി

പരിപാടികൾ ഈ മാധ്യമങ്ങളിലെല്ലാം തന്നെയുണ്ട്. മുതിർന്നവർ തങ്ങളുടെ 'ജനപ്രിയ' ചാനലുകളെ ഉപേക്ഷിച്ച് കുട്ടികളെ ശരിയായ ചാനലുകളിലേക്കു നയിക്കുകയാണ് വേണ്ടത്. അതുവഴി വായനയുടെ ശരിയായ ചാനലുകളിലേക്ക് കുട്ടികളുമെത്തും.

## രക്ഷിതാക്കളുടെ വായന

കുട്ടിയുടെ വായനക്ക് വ്യക്തമായ ദിശാബോധം നൽകാൻ അധ്യാപകർക്കെന്നപോലെ രക്ഷിതാക്കൾക്കും കഴിയും ഇതിന് രക്ഷിതാക്കളും വായനയിലേർപ്പെടേണ്ടതുണ്ട്. സ്കൂൾ ലൈബ്രറിയിൽ നിന്നും ഗ്രന്ഥശാലകളിൽ നിന്നും പുസ്തകങ്ങളെടുത്തു വായിക്കുന്ന രക്ഷിതാവിന് കുട്ടികളെ നല്ല വായനയിലേക്കു കൊണ്ടുവരാൻ കഴിയും. ഗൃഹസദസ്സുകളിൽ വായിച്ച പുസ്തകങ്ങളെകുറിച്ചുള്ള ചർച്ചകൾക്ക് സാധ്യതയില്ലേ ? ആവർത്തന വിരസവും അതിഭാവുകത്വം നിറഞ്ഞതുമായ ടി.വി. സീരിയലുകളേക്കാൾ ശക്തമായ അറിവും അനുഭവങ്ങളും പ്രദാനം ചെയ്യുന്ന ഇത്തരം ഗൃഹസദസ്സുകൾ യാഥാർത്ഥ്യമാക്കാൻ നമുക്കു കഴിയണം. കുട്ടി എന്താണ് വായിക്കുന്നത്, കേവലമായ വായനക്കപ്പുറം ഉയർന്ന ചിന്തയിലേക്കും ഭാവനയിലേക്കും വായന വികസിക്കുന്നുണ്ടോ, തുടങ്ങിയ കാര്യങ്ങളിൽ രക്ഷിതാക്കൾകൂടി ശ്രദ്ധിക്കുന്ന രീതി വികസിക്കണം. കുട്ടിയോടൊപ്പം വായിക്കുന്ന രക്ഷിതാവിന് മാത്രമേ ഇത്തരത്തിൽ കുട്ടിയുടെ വായനപ്രപഞ്ചത്തെ വികസ്വരമാക്കാൻ കഴിയൂ. കഴിവിനനുസരിച്ച് പുസ്തകങ്ങൾ വാങ്ങുകയും വീട്ടിലൊരു ലൈബ്രറി വികസിപ്പിച്ചെടുക്കുകയുമാവാം.

### കഥയരങ്ങ്, കവിതയരങ്ങ്

കുട്ടികൾ വായിച്ച കഥകൾ മറ്റുള്ളവർക്കു പറഞ്ഞുകൊടുക്കുന്ന സദസാണ് കഥയരങ്ങ്. ക്ലാസ്തലത്തിലും സ്കൂൾതലത്തിലും കഥയരങ്ങുകൾ സംഘടിപ്പിക്കാം. കഥാകൃത്തിനെക്കുറിച്ചുള്ള ചെറുവിവരണത്തിനുശേഷം കഥാവതരണം. കഥ പറയുന്നതിന് ഏതാനുംപേർ വേദിയിലുണ്ടാവും. ശ്രോതാക്കളായി മറ്റുള്ളവരും. ഓരോ തവണയും കഥ അവതരിപ്പിക്കുന്നവർ മാറിക്കൊണ്ടിരിക്കും. അധ്യാപകർക്കും രക്ഷിതാക്കൾക്കും അരങ്ങിലെത്തി കഥ പറയാം. എഴുത്തുകാർ നേരിട്ട് കഥ പറയുന്നതിന് അവസരമൊരുക്കാവുന്നതാണ്. കവിതയരങ്ങും ഇതേ രീതിയിൽ സംഘടിപ്പിക്കാം.

### ബുള്ളറ്റിൻ ബോർഡ്

കുട്ടികളുടെ വായനയെ നയിക്കുന്നതിനും ലൈബ്രറിയിലെ വൈവിധ്യമാർന്ന പുസ്തകങ്ങളെക്കുറിച്ച് സൂചനകൾ നൽകുന്നതിനും ബുള്ളറ്റിൻ ബോർഡുകൾ ഉപയുക്തമാണ്.

- ഞാൻ വായിച്ച പുസ്തകം
- വായിച്ച പുസ്തകത്തിലെ ഇഷ്ടപ്പെട്ട മുഹൂർത്തം
- ഇഷ്ടപ്പെട്ട വാക്യങ്ങൾ
- കവിതാശകലങ്ങൾ
- എഴുത്തുകാരുടെ ചിത്രങ്ങൾ (അടിക്കുറിപ്പുകളോടെ)
- ദിനാചരണത്തിന്റെ ഭാഗമായുള്ള കുറിപ്പുകൾ

ഇങ്ങനെ വായനയുമായി ബന്ധപ്പെട്ട ചെറുകുറിപ്പുകൾ ഓരോ ദിവസവും കുട്ടികൾ ബോർഡിൽ പതിപ്പിക്കട്ടെ. വെള്ളക്കടലാസിലെഴുതി ബോർഡിൽ ഒട്ടിച്ചുചേർക്കാവുന്നതാണ്. ഇടവേളകളിൽ കുട്ടികൾ അവ വായിക്കുകയും വേണ്ട കാര്യങ്ങൾ കുറിച്ചെടുക്കുകയും ചെയ്യുന്നതിന് അവസരമുണ്ടാകണം. നല്ല പുസ്തകങ്ങൾ പരിചയപ്പെടുത്തുന്നതിനും ഇത് സഹായകമാണ്. അധ്യാപകർക്കും ഇത്തരം രചനകൾ ബോർഡിൽ ഉൾക്കൊള്ളിക്കാവുന്നതാണ്.

### ഒരു അധ്യാപിക ക്ലാസിൽ പറഞ്ഞത്

ഞാൻ നമ്മുടെ സ്കൂൾ ലൈബ്രറിയിൽനിന്നും ഒരു കഥാപുസ്തകമെടുത്തു വായിച്ചു. ശ്രീ. എൻ. എസ്. മാധവന്റെ 'തിരുത്ത്' എന്ന കഥാസമാഹാരം. ഇതിൽ എട്ടു കഥകളുണ്ട്. ഇവയിൽ എനിക്കേറ്റവുമിഷ്ടപ്പെട്ട കഥ 'തിരുത്ത്' എന്ന കഥയാണ്. ദില്ലിയിലെ ഒരു പ്രമുഖ ദിനപത്രത്തിന്റെ ചീഫ് എഡിറ്ററായ കെ. കെ. ചൂല്യാറ്റാണ് ഈ കഥയിലെ മുഖ്യകഥാപാത്രം. ബാബ്റിമസ്ജിദ് തകർക്കപ്പെട്ട ദിവസമാണ് കഥയിൽ വിവരിക്കുന്നത്. ഇന്ത്യാചരിത്രത്തിൽ അഗാധമായ മുറിപ്പാട് വീഴ്ത്തിയ ഈ ദിവസം ചൂല്യാറ്റിന് പനി പിടിക്കുന്നു. 'എല്ലാ ചരിത്രസന്ധികളിലും ചൂല്യാറ്റിന് പനി പിടിപെടുമായിരുന്നു. ഗാന്ധിജിയെക്കൊന്നത് നൂറ്റിമൂന്ന് ഡിഗ്രി സെന്റിഗ്രേഡിലാണ്' എന്ന വാക്യം ഈ കഥാപാത്രത്തിന്റെ മനോഭാവത്തെ നന്നായി വെളിപ്പെടുത്തുന്നുണ്ട്. കഥയുടെ ഒടുവിൽ ദിനപത്രത്തിന്റെ പ്രധാന വാർത്തയിൽ ചൂല്യാറ്റ് വരുത്തുന്ന മാറ്റം ഈ കഥയ്ക്ക് ഗൗരവം കൂട്ടുന്നു.

'തർക്കമന്ദിരം തകർത്തു' - ഈ തലക്കെട്ടിലെ ആദ്യവാക്യം അയാൾ വെട്ടിക്കളയുകയും പകരം 'ബാബ്റിമസ്ജിദ്' എന്ന് എഴുതിച്ചേർക്കുകയും ചെയ്യുന്നു. ചൂല്യാറ്റിന്റെ മനോഭാവത്തിലുണ്ടാകുന്ന ഈ മാറ്റത്തിന് കാരണമായ സംഭവം ഈ കഥയിലുണ്ട്. ഇത് നിങ്ങൾക്കും വായിക്കണമെന്നു തോന്നുന്നില്ലേ?

അധ്യാപകരുടെ വായന കുട്ടികളെ വായനയിലേക്കു നയിക്കുന്നതിന് സഹായകമാകണം. പുതിയ പുസ്തകങ്ങൾ പരിചയപ്പെടുത്താനും വായിക്കപ്പെടേണ്ട പുസ്തകങ്ങളിലേക്ക് കുട്ടികളെ നയിക്കാനും അധ്യാപകർ കുട്ടികളുടെ 'വായനാഗുരു' എന്ന സങ്കല്പത്തിലേക്കുയരണം.

## ✸ വായനാനുഭവം പങ്കുവയ്ക്കൽ

ക്ലാസ്തലത്തിലും സ്കൂൾ തലത്തിലും വായനാനുഭവം പങ്കുവയ്ക്കുന്ന സദസുകൾ സംഘടിപ്പിക്കാവുന്നതാണ്. കുട്ടികൾ വായിച്ച പുസ്തകത്തിന്റെ ഉള്ളടക്കം മറ്റുള്ളവർക്കു പറഞ്ഞു കൊടുക്കുന്ന തരത്തിൽ സദസ് പ്ലാൻ ചെയ്ത് നടപ്പിലാക്കണം. അവതരിപ്പിക്കുന്ന പുസ്തകം എന്തുകൊണ്ടിഷ്ടമായി എന്നും എന്തെന്ത് അനുഭവങ്ങളും അറിവുകളും അനുഭൂതികളും പ്രദാനം ചെയ്തു എന്നും കുട്ടികൾ പറയട്ടെ. കഥാപുസ്തകമോ നോവലോ ആണെങ്കിൽ ഇഷ്ടപ്പെട്ട കഥാപാത്രങ്ങളെക്കുറിച്ചും, ഇഷ്ടപ്പെട്ട മുഹൂർത്തത്തെക്കുറിച്ചും പറയാം. മറ്റുകുട്ടികൾക്ക് ആ പുസ്തകം വായിക്കണമെന്ന ആഗ്രഹം ജനിപ്പിക്കാൻ ഈ രീതി ഉപകരിക്കും. അധ്യാപകർക്കും തങ്ങളുടെ വായനാനുഭവങ്ങൾ കുട്ടികൾക്ക് പറഞ്ഞുകൊടുക്കാൻ കഴിയും. സ്കൂളിൽ രൂപം കൊള്ളുന്ന വായനക്കൂട്ടായ്മയിലും ഇതൊരു പ്രവർത്തനമായി പരിഗണിക്കാവുന്നതാണ്. കുട്ടികൾ ചെറുഗ്രൂപ്പുകളായിരുന്ന് വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള ചർച്ചകളിലേർപ്പെടട്ടെ. ഗ്രൂപ്പിലെ മുഴുവനംഗങ്ങളും ഒരു പുസ്തകം വായിച്ച ശേഷം പൊതുചർച്ചയിലേർപ്പെടുന്നതും മികച്ച ഒരു വായനാനന്തര പ്രവർത്തനമാണ്. വിദ്യാരംഗം കലാസാഹിത്യവേദിയിലെ അംഗങ്ങൾക്കും ഈ പ്രവർത്തനം ഏറ്റെടുത്തു നടത്താൻ കഴിയും.

## ✸ വായനാഗ്രാഫ്

കുട്ടികളുടെ വായനയുടെ വികാസം ഒറ്റനോട്ടത്തിൽ വിലയിരുത്തുന്നതിന് ക്ലാസുമുറിയിൽ വായനാഗ്രാഫ് പ്രദർശിപ്പിക്കാവുന്നതാണ്. വർഷാരംഭം മുതൽതന്നെ കുട്ടികൾക്ക് പുസ്തകങ്ങൾ ലഭ്യമാക്കുകയും വായിച്ചുതീരുന്ന മുറക്ക് അവയുടെ എണ്ണം രേഖപ്പെടുത്തുകയുമാവാം. ഗ്രാഫും ലൈബ്രറി നോട്ടും പരിശോധിച്ച് വായനയെ വിലയിരുത്താൻ ഒരു വാചാ പരീക്ഷ നടത്തി മികച്ച വായനക്കാരെ കണ്ടെത്തുകയുമാവാം.

**വായനാഗ്രാഫ്**

| കുട്ടിയുടെ പേര് | വായിച്ച പുസ്തകങ്ങളുടെ എണ്ണം | ആകെ |
|---|---|---|
| A | IIII IIII IIII IIII III | 23 |
| B | IIII IIII IIII I | 16 |
| C | IIII IIII IIII IIII IIII II | 27 |
| D | IIII IIII II | 12 |

## ✸ ഗ്രന്ഥശാലകളും വിദ്യാർത്ഥികളും

മലയാളിയുടെ വായനാ പാരമ്പര്യത്തിന് ശക്തമായ അടിത്തറയിട്ടത് കേരളത്തിലെമ്പാടും രൂപംകൊണ്ട ഗ്രന്ഥശാലകളും ഗ്രാമീണ വായനശാലകളുമാണ്. പലവിധ ഉച്ചനീചത്വങ്ങളാൽ വിമാനുഷികമായിരുന്ന കേരളത്തെ ജനാധിപത്യ മതേതര ബോധത്തിലേക്കു നയിക്കുന്നതിൽ ഗ്രന്ഥശാലകൾ വലിയ പങ്കുവഹിച്ചു. കേരളത്തിന്റെ ആധുനീകരണത്തിനും അതുവഴി സ്വാതന്ത്ര്യത്തിന്റെ പുതുവഴികളിലേക്കു നയിക്കപ്പെടുന്നതിനും വായനക്കും ചിന്തക്കും അതീവപ്രാധാന്യമുണ്ടായിരുന്നു. കാലക്രമത്തിൽ ഗ്രന്ഥശാലകൾ ഉപേക്ഷിക്കപ്പെട്ട നിലയിലാവുകയോ, വായന കുറയുന്നതായോ വിലയിരുത്തപ്പെട്ടിട്ടുണ്ട്. എന്നാൽ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ ശക്തമായ ഇടപെടലുകളിലൂടെ നമ്മുടെ ഗ്രന്ഥശാലകൾ സജീവമായിക്കൊണ്ടിരിക്കുന്നു.

വളരുന്ന പുതുതലമുറയെ ഗ്രന്ഥശാലകളുമായി ബന്ധിപ്പിക്കണം. കുട്ടികൾ അവരുടെ പ്രദേശത്തുള്ള ഗ്രന്ഥശാലകളിൽ മെമ്പർമാരാവുകയും പുസ്തകങ്ങൾ യഥേഷ്ടം തിരഞ്ഞെടുത്തു വായിക്കുകയും വേണം. കേരളത്തിലെ ഗ്രന്ഥശാലാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയവരിലേറെ പേരും അധ്യാപകരായിരുന്നു. ഈ സ്ഥിതി വീണ്ടെടുക്കാൻ അധ്യാപകരും ഗ്രന്ഥശാലാപ്രവർത്തനങ്ങളിൽ അണിചേരണം. ലൈബ്രറികളുടെ ആഭിമുഖ്യത്തിൽ കുട്ടികളും രക്ഷിതാക്കളും അധ്യാപകരും പങ്കെടുക്കുന്ന വിവിധ വായനാപരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്. എഴുത്തുകാരുമായി സംവാദം, ശിൽപ്പശാലകൾ, സഹവാസക്യാമ്പുകൾ, പുസ്തകചർച്ചകൾ, സെമിനാറുകൾ ഇങ്ങനെ വ്യത്യസ്തങ്ങളായ സാംസ്കാരിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് ഗ്രന്ഥശാലകൾക്ക് നേതൃത്വം നൽകാനാകും. ഈ പ്രവർത്തനങ്ങളിലെല്ലാം കുട്ടികളെ അണിചേർക്കുക വഴി അവരുടെ മാനസിക വികാസത്തിനും അറിവിന്റെ നിർമ്മാണത്തിനും തുടർച്ചയായ അനുഭവങ്ങൾ ലഭിച്ചുകൊണ്ടിരിക്കും.

## ✸ ദിനാചരണങ്ങളും വായനയും

സാഹിത്യത്തിലും കലയിലും സംസ്ക്കാരത്തിലും ചരിത്രത്തിലുമെല്ലാം മഹത്തായ സംഭാവനകൾ നല്കിയ പ്രതിഭാശാലികളെ ആദരവോടെ സ്മരിക്കുകയാണ് ദിനാചരണങ്ങളുടെ പ്രധാന ലക്ഷ്യം. വിവിധ വൈജ്ഞാനികമേഖലകളിൽ മഹത്തായ സംഭാവനകൾ നല്കിയവർ, എഴുത്തുകാർ, സ്വാതന്ത്ര്യസമരനേതാക്കൾ, ശാസ്ത്രജ്ഞർ തുടങ്ങി നിരവധി വ്യക്തികളും ചരിത്രസംഭവങ്ങളുമെല്ലാം നമ്മുടെ ഓർമ്മകളിൽ സൂക്ഷിക്കുവാനുള്ള വലിയൊരു വ്യഗ്രത ഇത്തരം ആചരണശ്രമങ്ങളിലുണ്ട്. ഈ ദിവസങ്ങളുമായി ബന്ധപ്പെടുത്തി നിരവധി വായനാ സന്ദർഭങ്ങളൊരുക്കുവാൻ സാധിക്കും. അതിന് ആദ്യമായി വേണ്ടത് ഏതൊക്കെ ദിനങ്ങളാണ് ആചരിക്കപ്പെടേണ്ടത് എന്നു കണ്ടെത്തുകയാണ്. ജൂൺ-മേയ് വരെയുള്ള പ്രധാനദിനങ്ങൾ കണ്ടെത്തി ഒരു കലണ്ടർ ഇതിനായി തയ്യാറാക്കണം. വാർഷിക

പദ്ധതി രൂപീകരണവേളയിൽ ദിനാചരണങ്ങളും ഒരു പ്രത്യേക മേഖലയായി പരിഗണിക്കണം. ഓരോ ദിനവും സവിശേഷമായി പ്ലാൻ ചെയ്ത് വിവിധ പ്രവർത്തനങ്ങളോടെ നടപ്പിലാക്കണം. ഇതിൽ വായനയുടെ സാദ്ധ്യതയെ സവിശേഷമായി പരിഗണിക്കുകയും വേണം. പഠനത്തിന്റെ ഭാഗമായി സ്വാഭാവികരീതിയിൽ ദിനാചരണങ്ങൾ കടന്നുവരികയും അതിനനുസൃതമായി വായനയും അനുബന്ധപ്രവർത്തനങ്ങളും നടപ്പിലാക്കുകയുമാണ് വേണ്ടത്. എഴുത്തുകാരുമായി ബന്ധപ്പെട്ട ദിനങ്ങളിൽ നടത്താനാവുന്ന വൈവിദ്ധ്യമാർന്ന വായനാപ്രവർത്തനങ്ങളിൽ ചിലത് ചുവടെ ചേർക്കുന്നു.

### എഴുത്തുകാരുമായി ബന്ധപ്പെട്ട ദിനങ്ങൾ

| | | | |
|---|---|---|---|
| ജൂൺ | 6 | - | ഉള്ളൂർ ജന്മദിനം |
| ജൂൺ | 17 | - | ചങ്ങമ്പുഴ ചരമദിനം |
| ജൂലൈ | 1 | - | കേശവദേവ് ചരമദിനം |
| ജൂലൈ | 5 | - | ബഷീർ ചരമദിനം |
| ആഗസ്റ്റ് | 7 | - | ടാഗോർ ചരമദിനം |
| ഒക്ടോബർ | 27 | - | വയലാർ ചരമദിനം |
| നവംബർ | 9 | - | ടോൾസ്റ്റോയ് ചരമദിനം |
| ജനുവരി | 16 | - | കുമാരനാശാൻ ചരമദിനം |
| ഫെബ്രവരി | 2 | - | ജി. ശങ്കരക്കുറുപ്പ് ചരമദിനം |
| മാർച്ച് | 13 | - | വള്ളത്തോൾദിനം |

### ഈ ദിനങ്ങളുടെ ഭാഗമായി നടത്താവുന്ന പ്രവർത്തനങ്ങൾ

* ഇവരുടെ പുസ്തക പ്രദർശനം
* കൃതികളുടെ വായന
* വായനാനുഭവം പങ്കുവയ്ക്കൽ
* അനുസ്മരണപ്രഭാഷണങ്ങൾ
* വ്യവഹാരരൂപം മാറ്റൽ
* കവിതയരങ്ങ്, കവിപരിചയം
* കഥയരങ്ങ്, കഥാകൃത്തിനെ/എഴുത്തുകാരനെ പരിചയപ്പെടൽ
* കൃതികളിലെ ഇഷ്ടപ്പെട്ട ഭാഗങ്ങൾ, വരികൾ, മുഹൂർത്തങ്ങൾ പങ്കുവയ്ക്കൽ
* കൃതികളെ അടിസ്ഥാനമാക്കി സംവാദം
* കവിത - ചൊൽക്കാഴ്ച
* സാഹിത്യത്തിൽ ഇവരുടെ സംഭാവന

വായനയെ അടിസ്ഥാനമാക്കി ഇത്തരം ധാരാളം പ്രവർത്തനങ്ങൾ കണ്ടെത്താനാകും.

### മഹദ്വ്യക്തികളുമായി ബന്ധപ്പെട്ട ദിനങ്ങൾ

| | | | |
|---|---|---|---|
| ആഗസ്റ്റ് | 1 | - | തിലകൻ ജന്മദിനം |
| ആഗസ്റ്റ് | 27 | - | ശ്രീനാരയണ ഗുരു ജയന്തി |
| സെപ്തംബർ | 5 | - | അദ്ധ്യാപകദിനം |
| ഒക്ടോബർ | 2 | - | ഗാന്ധിജയന്തി |
| നവംബർ | 7 | - | ഡോ. സി.വി. രാമൻ ചരമദിനം |
| നവംബർ | 14 | - | ശിശുദിനം |
| ഡിസംബർ | 6 | - | അംബേദ്കർ ചരമദിനം |
| ജനുവരി | 23 | - | ചന്ദ്രബോസ് ജയന്തി |
| ജനുവരി | 30 | - | രക്തസാക്ഷിദിനം |

* വായനയിലൂടെ ഇവരുടെ ജീവചരിത്രക്കുറിപ്പുകൾ തയ്യാറാക്കൽ
* ഇവരുടെ മഹത്തായ വചനങ്ങളുടെ ശേഖരണം
* കൃതികൾ, ജീവിതം, ചരിത്രത്തിൽ ഇവർ നല്കിയ സംഭാവനകൾ എന്നിവയെ അടിസ്ഥാനമാക്കി വിവിധ മത്സരങ്ങൾ
* അനുസ്മരണപരിപാടികൾ
* കൃതികളുടെ വായന - വായനാക്കുറിപ്പ് തയ്യാറാക്കൽ
* പുസ്തകപ്രദർശനം

ദിനാചരണം - ഡയറ്റ് തയ്യാറാക്കിയ വഴിവിളക്ക് എന്ന പുസ്തകം റഫർ ചെയ്യുക.

### പാഠ്യപദ്ധതി ഉദ്ദേശ്യങ്ങളും വായനയും

പാഠ്യപദ്ധതി ഉദ്ദേശ്യങ്ങളെ (C.O.) സമഗ്രമായി വിലയിരുത്തുമ്പോൾ വായനയ്ക്കുള്ള പ്രാധാന്യം തിരിച്ചറിയുക എളുപ്പമാണ്. പാഠ്യപദ്ധതി ഉദ്ദേശ്യങ്ങൾക്കനുസൃതമായി സമഗ്രാസൂത്രണവും ദൈനംദിനാസൂത്രണവും തയ്യറാക്കുന്ന ടീച്ചർ വായനയുടെ സാദ്ധ്യതകളെ കണ്ടെത്തി കുട്ടികളെ വായനയിലേക്കു നയിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. പാഠ്യപദ്ധതി ഉദ്ദേശ്യത്തെ സമഗ്രമായി വിലയിരുത്തുകയും ഇഴപിരിക്കുകയും ചെയ്യുമ്പോൾ അവ നാലു മേഖലകളിൽ ഊന്നൽ നല്കുന്നതായിക്കാണാൻ കഴിയും. മനോഭാവം, നൈപുണ്യം, ആശയം അഥവാ ധാരണ, പ്രക്രിയ എന്നിവയാണവ. ഏതൊരു വസ്തുതയെയും സാമൂഹികപ്രശ്നങ്ങളെയും വിമർശനാത്മകമായി നോക്കിക്കാണാനും പ്രതികരിക്കാനുമുള്ള മനോഭാവം, ആശയങ്ങൾ, പ്രയോഗങ്ങൾ തുടങ്ങിയവ കണ്ടെത്താൻ സഹായകമായ അപഗ്രഥനാത്മക നൈപുണി, ഭാഷ അതിശക്തമായി പ്രയോഗിക്കാനുള്ള കഴിവ്. ഓരോ രചനയും അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനും സ്വന്തമായ നിലപാട് സ്വീകരിക്കാനും അതിനനുസൃതമായി പ്രതി

കരിക്കാനുമുള്ള ശേഷി, രചനകളുടെ ഉള്ളടക്കം വിമർശനാത്മകമായി വിലയിരുത്തുവാനുള്ള കഴിവ് , വ്യത്യസ്തഭാഷാ വ്യവഹാരങ്ങളുടെ സവിശേഷതകൾ തിരിച്ചറിയൽ ഇവയെല്ലാം ഭാഷാപഠനത്തിന്റെ മുഖ്യലക്ഷ്യങ്ങളാണ്. ഇതിൽ വായനയ്ക്ക് അതീവ പ്രധാന്യമുണ്ട്. മനോഭാവരൂപീകരണത്തിലും ജനാധിപത്യസമൂഹത്തിൽ ഭാഷാപരമായ കരുത്തുനേടുന്നതിലും വായന നിർണ്ണായകമായ പങ്കുവഹിക്കുന്നുണ്ട്.

## ❋ പുസ്തകപരിചയം

കുട്ടികളെ നല്ല പുസ്തകങ്ങളിലേക്കു നയിക്കുന്നതിന് അദ്ധ്യാപിക നല്ല വായനക്കാരിയേവേണ്ടതുണ്ട്. തന്റെ വായനയിൽ വന്നുപെടുന്ന മഹത്തായ കൃതികളെ കുട്ടികൾക്കു പരിചയപ്പെടുത്താനും അധ്യാപിക ശ്രമിക്കേണ്ടതാണ്. ഒരു പുസ്തകം പരിചയപ്പെടുത്തുമ്പോൾ എന്തൊക്കെയാണ് ശ്രദ്ധിക്കേണ്ടത്? ആ പുസ്തകത്തിന്റെ രചയിതാവാര്, അദ്ദേഹത്തിന്റെ മറ്റു കൃതികൾ ഏതൊക്കെയാണ്, അദ്ദേഹത്തിന്റെ രചനകളുടെ സവിശേഷതകൾ ഏവ തുടങ്ങിയ കാര്യങ്ങൾ ആമുഖമായി പറയേണ്ടതുണ്ട്. തുടർന്ന്, പുസ്തകത്തിന്റെ ഉള്ളടക്കം തന്റേതായ ഭാഷയിൽ ലളിതമായും വ്യക്തമായും അവതരിപ്പിക്കണം. ഇഷ്ടപ്പെട്ട മുഹൂർത്തം, വാക്യങ്ങൾ, കഥാപാത്രങ്ങൾ എന്നിവയും അവതരിപ്പിക്കാവുന്നതാണ്. പുസ്തകത്തിലടങ്ങിയിരിക്കുന്ന നിധിയെന്തെന്ന് കുട്ടികൾക്കു മനസ്സിലാക്കാൻ സാധിക്കണം. ഇത്തരമൊരവതരണം ആ എഴുത്തുകാരന്റെ മറ്റു കൃതികളിലേക്കു പോകാൻ കുട്ടികൾക്കു പ്രേരണയായിത്തീരും. ബാലപ്രസിദ്ധീകരണങ്ങളിലെ അപക്വരചനകൾ കയ്യൊഴിഞ്ഞ് ഗൗരവതരമായ വായനയിലേക്കു കുട്ടികൾ നയിക്കപ്പെടണം. ഇതിനുള്ള ശക്തമായ ഒരുപാധിയിലാണ് പുസ്തക പരിചയം. മുൻകാലങ്ങളിലെ എഴുത്തുകാർക്കൊപ്പം ഇപ്പോൾ എഴുതിക്കൊണ്ടിരിക്കുന്ന എഴുത്തുകാരെയും കുട്ടികൾക്കു പരിചയപ്പെടുത്തിക്കൊടുക്കേണ്ടതാണ്.

## ❋ തിരക്കഥ തയ്യാറാക്കുമ്പോൾ

ഭാഷാപഠനത്തിൽ വിവിധഭാഷാ വ്യവഹാരരൂപങ്ങൾ പരിചയപ്പെടുന്നതിനും അവയുടെ നിർമ്മിതിയിലേർപ്പെടുന്നതിനും കുട്ടികൾക്കു ധാരാളം അവസരങ്ങൾ ലഭിക്കുന്നുണ്ട്. കഥ, കവിത, പാട്ട്, സംഭാഷണം, വിവരണം, നാടകം, സംഭാഷണം, നോട്ടീസ്, പോസ്റ്റർ, മുദ്രാഗീതങ്ങൾ, അപേക്ഷകൾ, നിവേദനങ്ങൾ തുടങ്ങി നിരവധി വ്യവഹാരരൂപങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ടുംകൂടിയാണ് ഭാഷാപഠനക്ലാസ്സുമുറി രൂപപ്പെടുന്നത്. കഥയെ നാടകമാക്കിയും കഥാപ്രസംഗമാക്കിയും അങ്ങനെ വിവിധ വ്യവഹാരരൂപങ്ങളെ മറ്റൊന്നാക്കി മാറ്റിക്കൊണ്ടും കുട്ടികൾ ഭാഷാപരമായ ശേഷികൾ വികസിപ്പിക്കുന്നു. എന്നാൽ, തിരക്കഥ എന്ന വ്യവഹാരരൂപം കുട്ടികൾ ഇനിയും വേണ്ടത്ര പരിചയപ്പെട്ടിട്ടില്ല എന്നതാണ് ഫീൽഡനുഭവം. എങ്ങനെയാണ് തിരക്കഥ തയ്യാറാക്കുന്നത്? കഥയും തിരക്കഥയും തമ്മിലുള്ള വ്യത്യാസമെന്ത്? തിരക്കഥയുടെ അവിഭാജ്യമായ മറ്റു ഘടകങ്ങൾ ഏതൊക്കെയാണ് എന്ന് അദ്ധ്യാപകരും കുട്ടികളും തിരിച്ചറിയേണ്ടതുണ്ട്. ഇതു സംബന്ധിച്ച ധാരാളം പഠനഗ്രന്ഥങ്ങളുണ്ട്. അതോടൊപ്പം ധാരാളം തിരക്കഥാപുസ്തകങ്ങളുമുണ്ട്. ഇവയൊക്കെ വായിച്ചും സിനിമ കാണുമ്പോൾ അതിന്റെ ദൃശ്യവിന്യാസങ്ങളെ സൂക്ഷ്മമായി വിലയിരുത്തിയും തിരക്കഥാരചനയുടെ ബാലപാഠങ്ങൾ മനസ്സിലാക്കാവുന്നതാണ്. തിരക്കഥാരചനയുടെ ചില പ്രാഥമിക ധാരണകൾമാത്രമാണ് ഇവിടെ പങ്കുവയ്ക്കുന്നത്.

തിരക്കഥയിൽ പ്രധാനമായും ദൃശ്യങ്ങൾക്കാണ് പ്രാധാന്യം. കഥയുടെ വികാസത്തിനനുയോജ്യമായ വിധത്തിൽ ദൃശ്യങ്ങളെ ക്രമീകരിക്കുകയും ദൃശ്യങ്ങളെ കൂടുതൽ ഫലപ്രദവും സമഗ്രവുമാക്കാൻ ശബ്ദസന്നിവേശംവഴി ശ്രമിക്കുകയുമാണ് തിരക്കഥാകൃത്ത് ചെയ്യുന്നത്. സാഹിത്യത്തിലെ മാധ്യമം വാക്കുകളാണ്. ചലച്ചിത്രത്തിലെ മാധ്യമം ദൃശ്യങ്ങളും. കഥ തിരക്കഥാകൃത്തിനുള്ള ഒരു Raw material മാത്രമാണ്. കഥയെ അവലംബിച്ചുകൊണ്ടുള്ള തിരക്കഥാരചനയിൽ കഥയിലെ പല അംശങ്ങളും നഷ്ടമായി എന്നുവരാം. എന്നാൽ, വാക്കുകൾകൊണ്ട് പ്രകടിപ്പിക്കുന്നതിനേക്കാൾ അതിശക്തമായവിധത്തിൽ സൂക്ഷ്മവികാരങ്ങളെ ദൃശ്യവത്ക്കരിക്കാൻ കഴിയുകയും ചെയ്യും. തിരക്കഥയിൽ ദൃശ്യങ്ങളോടൊപ്പം ശബ്ദങ്ങൾക്കും അതീവപ്രാധാന്യമുണ്ട്. പ്രധാനമായും അഞ്ചുതരം ശബ്ദങ്ങളാണ് സിനിമയിൽ ഉപയോഗിക്കപ്പെടുന്നത്.

1. സംഭാഷണം - കഥയെ ദൃശ്യങ്ങളോടൊപ്പം മുന്നോട്ടു നയിക്കുന്നതിൽ സംഭാഷണത്തിന് വലിയ പ്രാധാന്യമുണ്ട്.
2. സംഗീതം : സിനിമയുടെ പ്രമേയത്തെ ശക്തിപ്പെടുത്തുവാൻ സംഗീതം ഉപയുക്തമാണ്. സംഗീതമെന്നതുകൊണ്ട് സാധാരണ സിനിമയിൽക്കാണുന്ന പാട്ടുകളെയല്ല സൂചിപ്പിക്കുന്നത്.
3. യാദൃശ്ചികശബ്ദങ്ങൾ
4. സൗണ്ട് ഇഫക്ടുകൾ
5. നിശബ്ദത : ഇത് ഏറ്റവും പ്രതീകാത്മകമായ ശബ്ദമാണ്.

തിരക്കഥയെഴുതുമ്പോൾ ഇത്തരം ഘടകങ്ങൾ പരിഗണിക്കുക തന്നെവേണം.

ദൃശ്യങ്ങൾ കണ്ണിചേർക്കപ്പെടുമ്പോൾ അതിന് സ്വാഭാവികമായ, അനുക്രമമായ വികാസമുണ്ടായിരിക്കണം. ദൃശ്യങ്ങളോരോന്നും വ്യക്തമായി എഴുതി തയ്യാറാക്കണം. സംഭാഷണം മിതത്വം പാലിക്കുന്നതും ലളിതമായിരിക്കുന്നതും നന്ന്. സംഭാഷണരഹിതമായും കഥാഗതിയെ ചില ദൃശ്യങ്ങളിലൂടെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയും.

ഓരോ ദൃശ്യത്തിന്റെയും സൂക്ഷ്മാംശങ്ങൾ തിരക്കഥയിലുണ്ടായിരിക്കണം. പ്രമേയത്തിനോ ആവിഷ്ക്കരിക്കപ്പെടുന്ന വൈകാരികാംശങ്ങൾക്കോ തടസ്സമുണ്ടാക്കുന്ന കാഴ്ചകൾ ദൃശ്യത്തിനുള്ളിൽ കടന്നുവരാതെ ശ്രദ്ധിക്കണം. ദൃശ്യംതന്നെ ഒരു ഭാഷയായി മാറുകയാണ് ചെയ്യുന്നത് എന്നതുകൊണ്ടാണിങ്ങനെ പറയുന്നത്. ദൃശ്യത്തിന്റെ ലൊക്കേഷൻ, ഓരോ ഫ്രെയ്മിലും എന്തൊക്കെ വരണം, ഫോക്കസ് ചെയ്യേണ്ടതെവിടെയൊക്കെ, ക്യാമറയുടെ ഉപയോഗം എങ്ങനെയൊക്കെയാവണം തുടങ്ങിയ കാര്യങ്ങളൊക്കെ തിരക്കഥയിൽ വരേണ്ട കാര്യങ്ങളാണ്. ക്ലോസ് അപ്പ് , മിഡിൽ ഷോട്ട്, ലോംഗ് ഷോട്ട്, ഹാഫ്ഫിഗർ മിഡിൽ ഷോട്ട് എന്നിവ പ്രമേയത്തിനും ദൃശ്യത്തിനും അനുസൃതമായി സൂചിപ്പിക്കുകയും വേണം. ഓരോ ദൃശ്യവും സംഭവിക്കുന്ന സമയവും സൂചിപ്പിക്കേണ്ടതുണ്ട് (ഉദാ: ഉച്ചസമയം, സന്ധ്യാസമയം). ഈ ഘടകങ്ങളെല്ലാം പരിഗണിക്കുന്ന ഒരു തിരക്കഥയെ അവലംബിക്കുന്ന സിനിമ ഏറ്റവും ശക്തമായ യാഥാർത്ഥ്യത്തിന്റെ പ്രതീതി ജനിപ്പിക്കും.

നിഴലും വെളിച്ചവുമുപയോഗിച്ച് ദൃശ്യങ്ങളിലൂടെ മുന്നേറുന്ന സിനിമ എന്ന ദൃശ്യകല വ്യക്തമായി എഴുതപ്പെടുന്ന ഒരു തിരക്കഥയ്ക്കനുസൃതമായാണ് രൂപപ്പെടുന്നത്. കാഴ്ചകളെ മുഖ്യമായും അവലംബിക്കുന്ന ഈ മാധ്യമം അതിശക്തമായ ഒരു ഭാഷ പ്രയോഗിക്കുന്നുണ്ട്. അതിനെയാണ് ദൃശ്യഭാഷ എന്നു പറയുന്നത്. ഈ ദൃശ്യഭാഷയ്ക്ക് ഒരു ലിഖിതരൂപം തയ്യാറാക്കലാണ് തിരക്കഥാരചനയിലൂടെ നടക്കുന്നത്. പാഠപുസ്തകങ്ങളിലുള്ള കഥകളും കുട്ടികൾക്കിഷ്ടപ്പെട്ട മറ്റുകഥകളുമൊക്കെ അവർതന്നെ തിരക്കഥാരൂപത്തിലാക്കട്ടെ. കഴിയുമെങ്കിൽ അദ്ധ്യാപകരുടെ സഹായത്തോടെ വീഡിയോ ക്യാമറ ഉപയോഗിച്ച് അവ ചിത്രീകരിക്കുകയുമാവാം. താൻ സ്വായത്തമാക്കിയ ഭാഷാശേഷികളെ അതിശക്തമായി ഉപയോഗിക്കാൻ തിരക്കഥാരചനയിലൂടെ കുട്ടികൾക്കു സാധിക്കും.

### പുസ്തക പ്രദർശനം

വിവിധ ഏജൻസികൾ വഴിയും അധ്യാപകരക്ഷാകർത്തൃസമിതിയുടെ മുൻകൈയിലും വിദ്യാലയങ്ങളിൽ പുസ്തകങ്ങൾ സമാഹരിക്കപ്പെട്ടിട്ടുണ്ട്. ത്രിതല പഞ്ചായത്തുകളും യൂണിസെഫടക്കമുള്ള മറ്റ് ഏജൻസികളും സ്കൂൾ ലൈബ്രറിയിലേക്ക് ധാരാളം പുസ്തകങ്ങൾ നൽകിവരുന്നു. ആയിരത്തിൽ കുറവ് പുസ്തകങ്ങളുള്ള ഒരു സ്കൂൾ ലൈബ്രറി പോലും നമ്മുടെ ജില്ലയിലില്ലെന്നുപറയാം. വൈവിധ്യമാർന്ന ഈ പുസ്തകലോകത്തെ തൊട്ടറിയാനുള്ള സംരംഭമെന്ന നിലയിൽ വായനാവാരത്തോടനുബന്ധിച്ചോ മറ്റു സന്ദർഭങ്ങളിലോ പുസ്തക പ്രദർശനം നടത്താവുന്നതാണ്. ഓരോ പുസ്തകവും മറിച്ചു നോക്കാനും പുസ്തകവൈവിധ്യം തിരിച്ചറിയാനും ഇതുവഴി സാധിക്കും. കഥ, കവിത, നോവൽ, ലേഖനം എന്നിങ്ങനെ ഇനംതിരിച്ച് പ്രദർശിപ്പിക്കുന്നത് ഉചിതമായിരിക്കും. രക്ഷിതാക്കളും സമൂഹം തന്നെയും പ്രദർശനത്തിന്റെ ഭാഗമായി വിദ്യാലയങ്ങൾ സന്ദർശിക്കട്ടെ. പ്രദർശനത്തോടൊപ്പം വിവിധ സാംസ്കാരിക പരിപാടികളും വായനാപ്രവർത്തനങ്ങളും സംഘടിപ്പിക്കാവുന്നതാണ്.

### ലൈബ്രറി നോട്ട്

വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള ചെറുകുറിപ്പുകളാണ് ലൈബ്രറി നോട്ടിന്റെ ഉള്ളടക്കം. കുട്ടിയുടെ വായനയുടെ പുരോഗതി വിലയിരുത്താൻ ഇതുപകരിക്കും. വായിച്ചു മുന്നേറുന്ന കുട്ടിക്ക് ഈ കുറിപ്പുകൾ വരും കാലങ്ങളിൽ വീണ്ടും പ്രയോജനപ്രദമാവും. തന്റെ വായനയുടെ വികാസത്തെ സ്വയം വിലയിരുത്താനും അതതുകാലങ്ങളിൽ വായനയിൽ സംഭവിക്കുന്ന വളർച്ചയും അഭിരുചിയും വ്യതിയാനങ്ങളും വിഷയ സ്വീകരണത്തിന്റെ ഗൗരവപ്രകൃതിയും മനസ്സിലാക്കാനും ഈ നോട്ട് ഉപകരിക്കും. കുട്ടി സ്വയം രൂപപ്പെടുത്തുന്ന രീതിയാണ് എഴുത്തിൽ വരേണ്ടത്. ഒരു മാതൃക നോക്കാം.

പുസ്തകത്തിന്റെ പേര് : കുമ്മാട്ടി

ഗ്രന്ഥകർത്താവ് : കാവാലം നാരായണപ്പണിക്കർ

പ്രസാധകർ : നാഷണൽ ബുക്ക് ട്രസ്റ്റ്

വായിച്ച തിയ്യതി : 20-2-2006

ഉള്ളടക്കം : മുത്തശ്ശിക്കഥയിലെ കുമ്മാട്ടിയാണ് ഈ പുസ്തകത്തിലെ പ്രധാന കഥാപാത്രം. തോളത്തെ കമ്പും അതിൽ തൂക്കിയ ഭാണ്ഡങ്ങളുമായി നൃത്തം വെച്ചും മണികിലുക്കിയും വരുന്ന കുമ്മാട്ടി. ഇമ്പമുള്ള പാട്ടുകൾ പാടി ഗ്രാമത്തിലെ കുട്ടികളോടൊപ്പം കൂടിയ കുമ്മാട്ടി അവരുടെ പ്രിയപ്പെട്ടവനായി മാറുന്നു. ഭാണ്ഡത്തിനുള്ളിൽ നിന്നും മുഖം മൂടികളെടുത്ത് കുട്ടികൾക്കു കൊടുത്തിട്ട് കുമ്മാട്ടി പാട്ടുപാടി. പക്ഷികളുടെയും മൃഗങ്ങളുടെയും മുഖംമൂടികൾ. മതിമറന്നു നൃത്തം ചെയ്ത കുട്ടികൾ പക്ഷികളും മൃഗങ്ങളുമായി. ചിണ്ടൻ എന്ന നായയായി കുട്ടി രൂപാന്തരപ്പെട്ടു. അവൻ എങ്ങോട്ടോ ഭ്രാന്തെടുത്തെന്നവണ്ണം ഓടി. ഓടിപ്പോയ ചിണ്ടന്റെ കഥയാണ് തുടർന്ന്. ചിണ്ടൻ നഷ്ടപ്പെട്ടതിലുള്ള ദുഃഖവുമായി കൂട്ടുകാരും വീട്ടുകാരും. പാട്ടുകഴിഞ്ഞതോടെ കുട്ടികൾ പക്ഷിമൃഗാദികളുടെ രൂപം വെടിഞ്ഞ് മനുഷ്യക്കുട്ടികളായി മാറിയിരുന്നു. ഒടുവിൽ ചിണ്ടൻ കുമ്മാട്ടിയുടെ പാട്ട് കേട്ട് തിരിച്ചെത്തി. കുമ്മാട്ടി തന്റെ മാന്ത്രികവടി ഉപയോഗിച്ച് ചിണ്ടനെ മനുഷ്യക്കുട്ടിയാക്കി. കഥപറച്ചിലിന്റെ രീതിയിലെഴുതിയ ഈ പുസ്തകത്തിൽ നല്ല പാട്ടുകളുമുണ്ട്. അസ്വാതന്ത്ര്യത്തിന്റെ അസുഖം പങ്കിടുന്ന നല്ല ഒരു പുസ്തകമാണിത്.

## ക്ലാസ് റൂം തിയേറ്റർ

സർഗാത്മകതയുടെ ഉറവിടം ജൻമസിദ്ധമായ വാസനയാണ്. പൂവിടരും പോലെ കവിതജനിക്കുന്ന, കഥകളും നാടകങ്ങളും രൂപം കൊള്ളുന്ന സർഗാത്മകനിമിഷങ്ങളൊരുക്കലാണ് ക്ലാസ് റൂം തിയേറ്ററിന്റെലക്ഷ്യം. ഭാഷാപഠനത്തിൽ ഇതിന് അനന്തമായ സാധ്യതകളുണ്ട്. വായനയുമായി ബന്ധപ്പെട്ടും ക്ലാസ് റൂം തിയേറ്റർ ഫലപ്രദമായി നടപ്പിലാക്കാവുന്നതാണ്. പാഠ്യപദ്ധതിഉദ്ദേശ്യങ്ങളിൽ കഥയും കവിതയും കഥാപ്രസംഗവുമടക്കം വിവിധ ഭാഷാരൂപങ്ങൾക്കു പ്രാധാന്യമുണ്ട്. ഇവയിലെ രംഗാവതരണ സാധ്യതകളുള്ള ഭാഷാരൂപങ്ങളേതൊക്കെയാണ്?

- നാടകം
- കഥാപ്രസംഗം
- റോൾ പ്ലേ
- സംഗീത ശിൽപം
- ചൊൽക്കാഴ്ച

പഠനത്തിന്റെയും വായനയുടെയും ഭാഗമായി ഈ രംഗാവതരണ സാധ്യതകൾ കണ്ടെത്തണം. ക്ലാസ്റൂമിൽ ഇതിനാവശ്യമായ മുന്നൊരുക്കങ്ങൾ നടത്തണം.

- സ്ക്രിപ്റ്റ് തയ്യാറാക്കൽ
- സംവിധാനം
- റിഹേഴ്സൽ
- രംഗാവതരണം

കുട്ടികളും അധ്യാപകരും രക്ഷിതാക്കളും ഇത്തരമൊരു പണിശാലയിൽ പങ്കാളികളാകുന്നതോടെ ക്ലാസ്റൂം തിയേറ്റർ കൂടുതൽ ഫലപ്രദവും അർത്ഥപൂർണ്ണവുമാവും. വിദഗ്ധരുടെ സഹായവും കൂടിയാവുമ്പോൾ ക്ലാസ് റൂം തിയേറ്റർ കുട്ടികളുടെ സർഗാത്മക പ്രകടനങ്ങളുടെ മികച്ച വേദിയായി മാറും.

### ✵ സംഗീതശിൽപം

സംഘമായി അവതരിപ്പിക്കാൻ കഴിയുന്ന ഒരു കലാരൂപമാണിത്. നൃത്തകലാധ്യാപികയുടെ സഹായം ഇതിനാവശ്യമായി വന്നേക്കാം. കുട്ടികൾ അവരുടെ വായനയുടെ ഭാഗമായി കണ്ടെത്തുന്ന പാട്ടുകളും കവിതകളും അവതരണത്തിനുപയോഗിക്കാം. ഏതെങ്കിലുമൊരാശയമോ സംഭവമോ വിവരണമോ ഉൾക്കൊള്ളുന്ന പാട്ടുകളും കവിതകളുമാണുചിതം. ഉദാഹരണത്തിന് യുദ്ധവിരുദ്ധ ആശയമുള്ള പാട്ടുകൾ, കവിതകൾ, ദേശഭക്തിഗാനങ്ങൾ, സാമൂഹ്യതിന്മകൾക്കെതിരായുള്ള രചനകൾ, സുനാമിപോലുള്ള പ്രകൃതിദുരന്തങ്ങൾക്കിരയാക്കപ്പെട്ടവരുടെ ജീവിതചിത്രീകരണം. ഇങ്ങനെ വൈവിധ്യമുള്ള നിരവധി പാട്ടുകളും കവിതകളും കുട്ടികളുടെ വായനയിലേക്കു കടന്നുവരും.

പിന്നണിയിൽ നിന്നുയരുന്ന ആലാപനത്തോടൊപ്പം താളാത്മകമായ നൃത്തച്ചുവടുകളോടെ രംഗാവതരണം നടത്തുന്നു. ഉള്ളടക്കത്തിനനുയോജ്യമായ ആലാപനവും നൃത്തച്ചുവടുകളുമാണാവശ്യം. സംഘാംഗങ്ങളുടെ നൃത്തച്ചുവടുകൾക്കും അംഗവിക്ഷേപങ്ങൾക്കും ഐകരൂപ്യം (യൂണിഫോമിറ്റി) വേണം. എല്ലാവരുടെയും അംഗചലനങ്ങൾ ഒരുപോലെയാവണമെന്നർത്ഥം. ആലാപനത്തിന്റെ അന്ത്യഘട്ടത്തിൽ സംഘാംഗങ്ങൾ ഉള്ളടക്കത്തിനനുയോജ്യമായി ഒരു ശില്പംപോലെ നിശ്ചല (സ്റ്റിൽ)മാകുന്നു. രംഗാവതാരകർക്ക് അനുയോജ്യമായ ചമയങ്ങളും വേണം.

### ✵ ചൊൽക്കാഴ്ച

പാഠ്യപദ്ധതിയുടെ ഭാഗമായും അല്ലാതെയും കുട്ടികൾ ധാരാളം കവിതകൾ വായിക്കുന്നുണ്ട്. കവിത നൽകുന്ന ഹൃദയവികാസമാണ് കവിതാവായനയുടെ ഏറ്റവും വലിയ അനുഭവം. ഭാവനയുടെ ചിറകുവിരിയൽ, സൂക്ഷ്മമായ ജീവിതാനുഭവങ്ങളുടെ ആശയലോകം നെഞ്ചിലേറ്റൽ. തിന്മക്കെതിരായ പ്രതിഷേധങ്ങൾ രൂപപ്പെടൽ മാനവികതയുടെ സ്നേഹതലങ്ങൾ സ്വാംശീകരിക്കൽ, വിമാനുഷികതയെ തിരസ്ക്കരിക്കൽ ഇങ്ങനെ കവിത വായിക്കുക വഴി മനസ്സിൽ പതിയുന്ന മുദ്രകൾ വർണ്ണനാതീതമാണെന്നു കാണാം. സ്വാംശീകരിക്കപ്പെടുന്ന അർത്ഥതലങ്ങളെ അതിനനുയോജ്യമായ അംഗചേഷ്ടകളോടും നൃത്തച്ചുവടുകളോടും ഭാവപ്രകടനത്തോടും കൂടി ചൊല്ലി, രംഗത്തവതരിപ്പിക്കലാണ് ചൊൽക്കാഴ്ച. കവിത ചൊല്ലി കാഴ്ചവക്കുന്ന രീതിയാണിത്.. രംഗാവതരണ സാധ്യതയുള്ള കവിതകൾ തെരഞ്ഞെടുത്ത് ഒറ്റയ്ക്കും സംഘമായും ചൊൽക്കാഴ്ച അവതരിപ്പിക്കാവുന്നതാണ്.

### ✵ ടീച്ചർ തയ്യാറാക്കുന്ന വായനാസാമഗ്രി

പഠനം അറിവിന്റെ നിർമ്മിതിയാണെന്ന കാഴ്ചയാണ് മാറിയ പാഠ്യപദ്ധതിക്കുള്ളത്. ഇതിന് പഠനരീതിതന്നെ മാറുകയും പുതിയ പഠനതന്ത്രങ്ങൾ നിലവിൽ വരികയും ചെയ്തു. പ്രൊജക്റ്റ്, സെമിനാർ, അസൈൻമെന്റ് തുടങ്ങിയ പഠനതന്ത്രങ്ങൾ സാർത്ഥകമാകണമെങ്കിൽ കുട്ടികൾ ധാരാളമായി വായിക്കേണ്ടതുണ്ട്. വിവരശേഖരണത്തിനും ആശയരൂപീകരണത്തിനും അതുവഴി അറിവിന്റെ നിർമ്മിതിക്കുമായി വായന ഒഴിവാക്കാനാവാത്ത ഒരു പഠനപ്രവർത്തനമായി മാറേണ്ടതുണ്ട്. ചില ഘട്ടങ്ങളിലെങ്കിലും അധ്യാപകർ തന്നെ കുട്ടികൾക്കാവശ്യമായ വായനാസാമഗ്രികൾ തയ്യാറാക്കേണ്ടതായി വരും. പ്രാദേശിക ചരിത്രപഠനത്തിന്റെ ഭാഗമായി കുട്ടികൾ പഴശ്ശിരാജാവിനെക്കുറിച്ച് വായിക്കേണ്ട സന്ദർഭമുണ്ടാകുന്നുവെന്നിരിക്കട്ടെ. പഴശ്ശിയെക്കു

റിച്ചും പഴശ്ശി സമരങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്ന ധാരാളം ഗ്രന്ഥങ്ങളുണ്ട്. ക്ലാസ്സിലെ എല്ലാ കുട്ടികൾക്കും ഈ പുസ്തകങ്ങളിലേക്ക് പോകാൻ കഴിഞ്ഞെന്നു വരില്ല. ഇത് മറികടക്കാൻ ടീച്ചർക്കു എന്തുചെയ്യാൻ കഴിയും ? ടീച്ചർ ഇത്തരം പുസ്തകങ്ങൾ വായിക്കുകയും പഴശ്ശിയെക്കുറിച്ചും പഴശ്ശി സമരങ്ങളെക്കുറിച്ചും സാമ്രാജ്യത്വ വിരുദ്ധ പോരാട്ടങ്ങളിൽ പഴശ്ശിയുടെ സ്ഥാനത്തെക്കുറിച്ചും സമഗ്രമായ ഒരു പഠനസാമഗ്രി എഴുതി തയ്യാറാക്കുകയും കുട്ടികൾക്ക് നൽകുകയും ചെയ്യാവുന്നതാണ്. അധ്യാപിക എന്ന നിലയിൽ തന്റെ അറിവിനെ വികസിപ്പിക്കുന്നതിനും അതുവഴി കുട്ടികളുടെ പഠനത്തിൽ കുട്ടിയോടൊപ്പം അറിവിന്റെ നിർമ്മാതാവായി മാറുന്നതിനും ഇതു സഹായകമാകും. വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് ഇത്തരത്തിൽ കുട്ടികൾക്ക് ഫലപ്രദമായ വായനാസാമഗ്രികൾ നിർമ്മിച്ചു നൽകാൻ അധ്യാപക മുൻകൈയ്യെടുക്കണമെന്നു മാത്രം.

### ✳ ആസ്വാദനക്കുറിപ്പ്

ഗ്രന്ഥത്തിന്റെ പേര് : കാപ്പിരികളുടെ നാട്ടിൽ
ഗ്രന്ഥകർത്താവ് : എസ്.കെ.പൊറ്റക്കാട്ട്
പ്രസാധകർ : ഡി.സി.ബുക്സ്
വർഷം : 2005

മലയാളത്തിലെ ഏറ്റവും പ്രശസ്തനായ യാത്രാവിവരണ ഗ്രന്ഥകാരനാണ് എസ്.കെ.പൊറ്റക്കാട്ട്. അതിർത്തികൾക്കും ദേശങ്ങൾക്കും അപ്പുറത്തേക്ക്.... സംസ്കാരങ്ങളിലേക്ക്.... അവിടുത്തെ ജീവിതങ്ങളിലേക്ക് സഞ്ചാരസാഹിത്യത്തെ കൈപിടിച്ചു നടത്തിയ എസ്.കെ.കണ്ട ദേശങ്ങളിലെ കാഴ്ചയുടെ വാതായനങ്ങൾ തന്റെ കൃതികളിൽ തുറന്നിടുന്നു.

ലോകത്തിലെ ഏറ്റവും വലിയ വെള്ളച്ചാട്ടമായ വിക്ടോറിയയുടെ പാതാളവീഴ്ച വായിക്കുമ്പോൾ നമുക്കുചുറ്റും അറിയാതെ കുളിരും ശബ്ദവും നിറഞ്ഞു പതയുന്നു. വീഴ്ച പറ്റിയ സാബസി തലചുറ്റലോടെ വായിൽ നുരപിണ്ഡവുമായി കിടന്നു മുരണ്ട് എങ്ങോട്ട് നീങ്ങണമെന്നറിയാതെ വിരളുന്നത് നമുക്ക് കൺമുന്നിൽ അനുഭവിക്കാം. ആഫ്രിക്കൻ ഭാഷാപരിജ്ഞാനക്കുറവുപോലും മലയാളിയുടെ സാമർത്ഥ്യത്തിനു മുന്നിൽ പത്തിമടക്കുന്നതും കാപ്പിരികളുടെ നിഷ്കളങ്കത നർമ്മം തൊട്ടെഴുതി ചിരിക്കാൻ വക നൽകുന്നതോടൊപ്പം തരംകിട്ടിയാൽ കൊല്ലാനും തിന്നാനും മടിക്കാത്ത ഇവരുടെ വന്യത നമ്മുടെ അസ്ഥിയെപ്പോലും പലപ്പോഴും മരവിപ്പിക്കുന്നു.

ആഫ്രിക്കയിലെ നീണ്ട യാത്രയിലൂടെ കാപ്പിരികളുടെ അപരിഷ്കൃതമായ ജീവിതത്തെ വെള്ളക്കാരന്റെ അധിനിവേശം എങ്ങനെയൊക്കെ ചൂഷണം ചെയ്യപ്പെടുന്നെന്നും അതിനിടക്ക് കൈയിട്ടു വാരുന്ന ഇന്ത്യൻ കച്ചവടക്കാരുടെ തന്ത്രങ്ങളും ഒരു അടിമത്വത്തിന്റെ വേദനയിലൂന്നി നിന്ന് പൊറ്റെക്കാട്ട് കേൾപ്പിക്കുന്നു.

പല്ല് രാകി കൂർമ്പിക്കുന്നതും ചുണ്ട് തുളച്ച് അലങ്കരിക്കുന്നതും ഏതോ കാപ്പിരി മൂപ്പൻ അപസ്മാരം പിടിച്ച് മരിക്കാൻ കിടന്നപ്പോൾ വായമുറുക്കിയതിനാൽ വെള്ളം കൊടുക്കാൻ പല്ലുകൊഴിച്ചുകളഞ്ഞ ചരിത്രം തനിക്ക് വരാതിരിക്കാൻ കാലേക്കൂട്ടി രണ്ടു പല്ലുകൾ നീക്കി ചാവുജലത്തിന് വഴിയൊരുക്കി കാത്തിരിക്കുന്ന കാപ്പിരി. ഇങ്ങനെ താൻ കണ്ട നാടിന്റെ ചരിത്രം സംസ്ക്കാരം നർമ്മം എല്ലാം എല്ലാം... പൊറ്റെക്കാട്ട് കാപ്പിരികളുടെ നാട്ടിൽ മനോഹര ചിത്രങ്ങളാക്കി നമ്മെ അനുഭവപ്പെടുത്തുമ്പോൾ നാമും അറിയാതെ കാലങ്ങൾക്കും ദേശങ്ങൾക്കും അപ്പുറത്തേക്ക് അതിരുകൾ കടന്ന് യാത്ര ചെയ്യുകയാണ്...

തയ്യാറാക്കിയത് : സജേഷ്, ജി.യു.പി.എസ്. എരുമക്കൊല്ലി

## ബഹുമുഖ ബുദ്ധിശക്തി

'മനുഷ്യരെല്ലാരുമൊന്നുപോലെ ആമോദത്തോടെ വസി'ക്കാൻ എന്താണ് വേണ്ടത്? ഒരേ സാമൂഹ്യവ്യവസ്ഥിതി? ഒരേ സാമ്പത്തിക സ്ഥിതി? ഒരേ സാഹചര്യങ്ങൾ? അതോ ഇവ എല്ലാംകൂടി ചേർന്ന അവസ്ഥയോ ? ഇത്രയുമൊക്കെ ആയാൽ എല്ലാവരും ഒരേപോലെ ചിന്തിക്കും എന്ന് എന്താണുറപ്പ്? (ഒരേപോലെ ചിന്തിച്ചില്ലെങ്കിൽ പ്രവൃത്തിയും ഒരേപോലെയാവില്ലല്ലോ?) മനുഷ്യരാശിയുടെ പുരോഗതിക്ക് ഒരേപോലെ ചിന്തിക്കുന്നവർ ഗുണമോ, ദോഷമോ?

ഒരു ക്ലാസ്സിലെ കുട്ടികൾ ഒരേ പോലെയല്ല. ഒരു വീട്ടിലെ അംഗങ്ങൾ ഒരേപോലെയല്ല. ഒരു നാട്ടിലെയും ജനങ്ങൾ ഒരേപോലെയല്ല. ഒരു സംഘത്തിലെയും ആളുകൾ ഒരേപോലെയല്ല. ഒരേപോലെയുള്ള രണ്ടു വ്യക്തികൾപോലുമില്ല. 'ഒന്നുപോലെ'യെന്നത് കേവലം മിഥ്യയാണ്. രൂപത്തിലും ഭാവത്തിലും ആകൃതിയിലും പ്രകൃതിയിലും ഒന്നുംതന്നെ മാനുഷർ ഒരേപോലെയല്ല; ആവുകയുമില്ല; ആകേണ്ടതുമില്ല. അച്ചടക്കബോധനത്തിന്റെ / പരിശീലനത്തിന്റെ ഭാഗമായി നാം നടത്തുന്ന അസംബ്ലിയും യൂണിഫോമുകളും ചിട്ടയും ക്രമങ്ങളും ഒന്നുംതന്നെ ഒന്നിനെയും ഒന്നുപോലെയാക്കുന്നില്ല. ഒന്നായ് നിൽക്കാൻ ഒന്നും ഒന്നുപോലെയാകേണ്ടതില്ല.

നാമെല്ലാം വ്യത്യസ്തരായിരിക്കുന്നു. അത് നമ്മിലെ ബുദ്ധിയുടെ ബഹുമുഖങ്ങളുടെ സംയോഗങ്ങൾ വ്യത്യസ്തമായിരിക്കുന്നതിനാലാണ്. ബുദ്ധിയുടെ ബഹുമുഖങ്ങൾ എല്ലാവരിലും ഉണ്ട്. എന്നാൽ, അത് പ്രാധാന്യത്തിന്റെ ക്രമത്തിൽ വ്യത്യസ്തമാണ്. അവയുടെ തീവ്രതയിലും വ്യത്യസ്തമാണ്. അങ്ങനെ, ബുദ്ധിപരമായ വ്യത്യസ്തത അവനെ വ്യതിരിക്തനാക്കുന്നു. ഹൊവാർഡ് ഗാർഡനറുടെ ബഹുമുഖബുദ്ധിശക്തി സിദ്ധാന്തം (The Theory of Multiple Inttellingense) ഈ വ്യതിരിക്തതയ്ക്ക് വ്യാഖ്യാനം നല്കുന്നു.

ഒരു അദ്ധ്യാപകന് എത്രയോ വ്യക്തിത്വങ്ങളുമായി ഇടപെടേണ്ടിവരുന്നു. തന്നെക്കാൾ നന്നായി പാട്ടുപാടുന്നവർ, നൃത്തം ചെയ്യുന്നവർ, ചിത്രംവരയ്ക്കുന്നവർ, കായികമായി മികവു പുലർത്തുന്നവർ, കഥയും കവിതയും എഴുതുന്നവർ തുടങ്ങിയ എത്രയെത്ര വ്യക്തിത്വങ്ങൾ ! ഇവയെല്ലാം ജന്മസിദ്ധമായ കഴിവു മാത്രമാണെന്ന അഭിപ്രായത്തിൽ തന്റെ അനുഭവങ്ങളും അറിവും ചേർത്ത് മേൽക്കോയ്മ നേടാൻ ശ്രമിക്കുന്നതാണ് നാം കാണുന്നത്. ഇതുകൊണ്ടുതന്നെയായിരിക്കാം ഗാർഡ്നർ ഇവയെ ബുദ്ധിശക്തി (Intelligence) എന്നുവിളിച്ചത്. എല്ലാ മേഖലകളിലും പ്രഗത്ഭനാകാതെ തന്നെ ഒരു അദ്ധ്യാപകന് കുട്ടികളുടെ കഴിവുകൾ വളർത്താൻ അവസരങ്ങൾ സൃഷ്ടിക്കാമല്ലോ.

National Curriculum Document നിർദ്ദേശിക്കുന്നതനുസരിച്ച് Multiple Intelligence Theory യുമായി ഇഴചേർത്ത് പഠനപ്രവർത്തനങ്ങൾ രൂപപ്പെടുത്തുവാൻ നമുക്ക് ഇനിയും വളരെ ദൂരം സഞ്ചരിക്കേണ്ടതുണ്ട്. പാഠ്യപദ്ധതിരൂപകരണവേളയിൽ ഇത് വേണ്ടത്ര പരിഗണിക്കപ്പെടാത്തത് ഒരു കാരണമാവാം. ആറ്, ഏഴ് ക്ലാസ്സുകളിലെ ഇംഗ്ലീഷ് അദ്ധ്യാപകസഹായി പരിശോധിച്ചാൽ ഇത് ഏറെക്കുറെ സാധിതമായിട്ടുള്ളതായി കാണാം.

Narrativesന്റെ പിൻബലത്തോടെ വിവിധ വ്യവഹാരങ്ങളുടെ നിർമ്മാണത്തിലൂടെ മുന്നേറുമ്പോൾ ഏതെല്ലാം ഘട്ടങ്ങളിൽ ഇവ ഉൾച്ചേർന്നിട്ടുണ്ടെന്നു നോക്കാം.

1. **ഭാഷാപരമായ ബുദ്ധി (Verbal Linguistic skill) വിവിധ വ്യവഹാരരൂപങ്ങളുടെ നിർമ്മിതിയിലും പ്രയോഗത്തിലും.**

2. **യുക്തിപരവും ഗണിതപരവുമായ ബുദ്ധി (Logical Mathematical intelligence)**
   * സംഭവങ്ങളുടെ പ്രവചനങ്ങൾ നടത്തുമ്പോൾ
   * കാര്യകാരണബന്ധങ്ങൾ കണ്ടെത്തുമ്പോൾ
   * അനുയോജ്യമായ പ്രയോഗങ്ങൾ കണ്ടെത്തുമ്പോൾ
   * സംഭവങ്ങൾ ക്രമപ്പെടുത്തുമ്പോൾ

3. **ദൃശ്യസ്ഥലപരമായ ബുദ്ധി (Visual - Spatial Intelligence)**
   * ചിത്രങ്ങൾ വരയ്ക്കുമ്പോൾ
   * ചിത്രങ്ങൾ വ്യാഖ്യാനിക്കുമ്പോൾ
   * പോസ്റ്റർ, ഗ്രീറ്റിംഗ് കാർഡ് തുടങ്ങിയവ നിർമ്മിക്കുമ്പോൾ
   * ചുമർ മാസിക നിർമ്മിക്കുമ്പോൾ
   * മാസികകളുടെയും മറ്റും ലേ ഔട്ട് ചെയ്യുമ്പോൾ

4. **ശാരീരിക ചലനബുദ്ധി (Bodily Kinesthetic Intelligence)**
   * ചെറുനാടകങ്ങൾ അവതരിപ്പിക്കുമ്പോൾ
   * മൂകാഭിനയം നടത്തുമ്പോൾ

5. **സംഗീതപരമായ ബുദ്ധി (Musical Intelligence)**
   * കവിതകൾ ചൊല്ലുമ്പോൾ
   * വരികൾ ചേർത്ത് എഴുതുമ്പോൾ
   * കവിതയുടെ താളം കണ്ടെത്തുമ്പോൾ

6. **വ്യക്ത്യാന്തര ബുദ്ധി (Interpersonal Intelligence)**
   * ചർച്ചയിൽ പങ്കെടുക്കുമ്പോൾ
   * സംവാദങ്ങൾ നടത്തുമ്പോൾ
   * ചോദ്യങ്ങൾ ചോദിച്ച് വിവരശേഖരണം നടത്തുമ്പോൾ
   * ആശയങ്ങൾ പങ്കുവയ്ക്കുമ്പോൾ
   * പരസ്പരം താരതമ്യം ചെയ്യുമ്പോൾ

7. **ആന്തരികവൈയക്തികബുദ്ധി (Interpersonal Intelligence)**
   * ഡയറി എഴുതുമ്പോൾ
   * സ്വന്തം കഴിവുകളും പരിമിതികളും തിരിച്ചറിയുമ്പോൾ
   * ഭാഷാപരമായ പ്രവർത്തനങ്ങളുടെ തുടക്കമിടുമ്പോൾ
   * സർഗ്ഗാത്മക പ്രകടനം നടത്തുമ്പോൾ

8. **പ്രകൃതിപരമായ ബുദ്ധി (Naturalistic Intelligence)**
   * പ്രകൃതിദൃശ്യങ്ങളുടെ വിശദാംശങ്ങൾ ഭാഷാരൂപങ്ങളിലേക്കു മാറുമ്പോൾ
   * പ്രകൃതിയുമായി ബന്ധപ്പെട്ട് സംസാരിക്കുമ്പോൾ
   * ചിത്രം വരയ്ക്കുമ്പോൾ

ഈ പ്രവർത്തനങ്ങളിൽ കുട്ടികൾ എത്രമാത്രം നന്നായി പ്രവർത്തിക്കുന്നുവെന്നു നോക്കിയാൽ ബുദ്ധിശക്തി വിലയിരുത്തുന്നതിനും സാധിക്കും. ഏതൊരു കുട്ടിയും താഴെ പറയുന്ന ഒരു വിഭാഗത്തിലെങ്കിലും വരുന്നതായി കാണാം.

* Word smart * Nature smart * Logic smart * People smart * Music smart * Body smart * Self smart * Picture smart

(നിലനില്പുബുദ്ധി ബന്ധപ്പെടുത്തി പിന്നീട് ചേർക്കപ്പെട്ട Existential Intelligence ഏതെങ്കിലും പ്രത്യേക പ്രവർത്തനത്തിലൂടെ മാത്രം വളർത്തിയെടുക്കാവുന്നതല്ല)

ബഹുമുഖബുദ്ധിശക്തിയുടെ ബഹുമുഖങ്ങൾ വേറിട്ടു നില്ക്കുന്നതല്ല. അതുകൊണ്ടുതന്നെ ഏതെങ്കിലും ഒരു മേഖലയിലെ പ്രവർത്തനം വ്യക്തിയുടെ ബുദ്ധിയെ പോഷിപ്പിക്കുന്നു. അതുമായി ബന്ധപ്പെട്ട മറ്റു ബുദ്ധിമുഖങ്ങളും മെച്ചപ്പെടുന്നു.

ഏതൊരു വ്യക്തിയിലും ബുദ്ധിയുടെ ഒരു മുഖം ഏതു പ്രായത്തിലും അതീവപ്രവർത്തനക്ഷമമാകാം. അതിനുള്ള

കാരണം കണ്ടെത്താനായിട്ടില്ല. എന്നാൽ, രണ്ടുതരം പ്രവർത്തനങ്ങൾ ചെറുപ്രായത്തിൽ ശ്രദ്ധിക്കേണ്ടതുണ്ട്. Crystallising experiences, Paralysing experiences എന്നിവയാണ് അവ.

ഐൻസ്റ്റയിന് തന്റെ പിതാവ് നല്കിയ കാന്തസൂചി അദ്ദേഹത്തെ ശാസ്ത്രജ്ഞനാക്കിത്തീർത്തു. യഹൂതിമെനുഹിൻ ചെറുപ്പത്തിൽ തന്റെ മാതാപിതാക്കളുടെകൂടെ സംഗീതക്കച്ചേരി കേൾക്കാൻ പോയി. അടുത്ത പിറന്നാളിന് ഒരു വയലിൻ സമ്മാനമായി ചോദിച്ചുവാങ്ങി. തുടർന്ന്, സംഗീതപ്രതിഭയായിത്തീരുവാൻ ഇത് കാരണമായി. ഇവയെല്ലാം ഗുണകരമായ Crystallising experience ആകുന്നു.

അറിഞ്ഞും അറിയാതെയും നാം കുട്ടികളെക്കുറിച്ച് സംസാരിക്കുന്നത് അവരുടെ മനസ്സിൽ നിഷേധഭാവം വളർത്താൻ ഇടയാകും. 'ഇവനു വായിക്കാനറിയില്ല' 'പുറകിലെ കുട്ടികൾ, അവർ അങ്ങനെയാ ' എന്നെല്ലാം പരസ്യമായി പറയുമ്പോൾ അത് Paralysing experience ആയിത്തീരുന്നു. അവയുണ്ടാക്കുന്ന ഫലം അതീവ ഗുരുതരമാണ്. രണ്ടു കുട്ടികളെ തമ്മിൽ താരതമ്യം ചെയ്തു സംസാരിക്കുമ്പോഴും ഇതേ ഫലം തന്നെയാണുണ്ടാവുന്നത്. ലജ്ജ, കുറ്റബോധം, ഭയം, കോപം...

ധനാത്മക വികാരങ്ങൾ (Negative Emotions) ബുദ്ധിശക്തിയുടെ വളർച്ചയെ മിക്കപ്പോഴും മരവിപ്പിച്ചുകളയുകയാണു ചെയ്യുക. പ്രോത്സാഹനത്തിലൂടെ ലഭിക്കുന്ന ആത്മവിശ്വാസമാണ് ഏതൊരു പ്രകടനത്തിനും പിന്നിലെ ശക്തി. ഇതിനായി കുട്ടികളോട് നിരുപാധികം ഋണാത്മകമായി (Unconditionally positive) ഇടപെടുകയാണ് വേണ്ടത്.

### ✵ ബഹുമുഖബുദ്ധിശക്തിയും വായനയും

വായന തികച്ചും വ്യക്തിനിഷ്ഠമാണ്. പഞ്ചേന്ദ്രിയങ്ങളുടെ സഹായത്തോടെ ബാഹ്യവസ്തുക്കളിൽനിന്നും അർത്ഥം ഗ്രഹിച്ചെടുക്കുന്ന പ്രവർത്തനമാണത്. താളവും രൂപവും ഭാവവും ശബ്ദവും ചിത്രവും എല്ലാം നമുക്ക് വായിച്ചെടുക്കാം. എന്നാൽ എഴുതിയ കാര്യങ്ങൾ തനിക്കുള്ള ഭാഷാബോധം പ്രയോഗിച്ച് അർത്ഥം ഗ്രഹിച്ചെടുക്കുന്ന പ്രവർത്തനമായാണ് വായനയെ നാം സാധാരണ കാണുന്നത്.

ഒരു വ്യക്തിയുടെ 'ഭാഷാബോധം' എന്നത് ഒരു ഭാഷയുടെ എല്ലാ സവിശേഷതകളും ഉൾപ്പെടുന്നതാണ്. അതായത്, അക്ഷരങ്ങൾ, ശബ്ദങ്ങൾ, അർത്ഥകല്പനകൾ, വ്യാകരണം തുടങ്ങിയവയെല്ലാം. ഭാഷാബോധനിർമ്മിതിക്കായി ഭാഷാപ്രവർത്തനങ്ങൾ തന്നെയാണ് നാം പ്രയോജനപ്പെടുത്തുന്നത്. അതുവഴി ഒരു വ്യക്തിയുടെ ആന്തരികഭാഷാഘടകത്തെ പ്രവർത്തനോന്മുഖമാക്കുന്നു. അത് അതിന്റെ വിദ്യാഭ്യാസ താന്ത്രികത. ഭാഷാബോധം എന്നത് ബഹുമുഖബുദ്ധിശക്തിയുമായി എങ്ങനെ ബന്ധപ്പെടുന്നു എന്നു പരിശോധിക്കാം.

വായിച്ചെടുക്കുന്ന വാക്യങ്ങളല്ല വായിക്കുന്ന വ്യക്തിയുടെ അനുഭവസമ്പത്തിന്റെ ആഴവും പരപ്പുമാണ് അതിന്റെ അർത്ഥവും വ്യാപ്തിയും നിശ്ചയിക്കുന്നത്. 'ഒരു പുസ്തകവും രണ്ടുപേർ വായിക്കുന്നില്ല' എന്നൊക്കെ പറയുന്നതിന്റെ അടിസ്ഥാനവും ഇതുതന്നെ. വായന എന്ന പ്രക്രിയ നടക്കുമ്പോൾ അനുവാചകൻ വായനാവസ്തുവുമായി സജീവമായി സംവദിക്കുകയാണല്ലോ. ഈ അവസരത്തിൽ തന്റെ മുന്നനുഭവങ്ങളെല്ലാംതന്നെ ബോധമണ്ഡലത്തിൽ പ്രയോഗിക്കപ്പെടുന്നു. ആന്തരികമായി നടക്കുന്ന ഈ മനോവ്യാപാരത്തിന്റെ ഘടകങ്ങളെല്ലാം ബഹുമുഖബുദ്ധിശക്തിയുടെ ഘടകങ്ങളുമായി ബന്ധപ്പെട്ടതാണ്. വായിച്ചെടുക്കുന്ന ആശയങ്ങളുടെ സ്വഭാവമനുസരിച്ച് ചിത്രം, നൃത്തം, സ്പോർട്സ്, പ്രകൃതി, സംഗീതം , യുക്തി, ഗണിതം, സിനിമ എന്നിങ്ങനെ ചിന്തകൾ വ്യാപരിക്കുന്ന മേഖലകളും വ്യത്യാസപ്പെട്ടിരിക്കും. ശാരീരികമായ പ്രവർത്തനങ്ങളെ മാറ്റിനിർത്തിയാൽ ഇത്തരം ചിന്തകൾ ബഹുമുഖബുദ്ധിശക്തിയുടെ പ്രവർത്തനങ്ങൾക്ക് ആവേഗം നല്കുന്നു എന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ടുതന്നെ വിവിധ മേഖലകളിൽ വിവിധ വ്യവഹാരരൂപങ്ങൾ വായിച്ചാസ്വദിക്കുന്നത് ബുദ്ധിയെ ശക്തിപ്പെടുമെന്നതിൽ സംശയമില്ല. ബുദ്ധിയുടെ ബഹുമുഖബുദ്ധശക്തിവികാസത്തിന് ഒരു എളുപ്പവഴിയാണ് വായന.

തയ്യാറാക്കിയത് : പി. സുരേഷ്

## പിന്നിട്ട പാതകൾ

2004-2005 അധ്യയനവർഷത്തിൽ വയനാട് ഡയറ്റ് അദ്ധ്യാപകപരിശീലനപരിപാടികൾക്കൊപ്പം സവിശേഷമായ നിരവധി പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. അക്കാദമിക പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ ഫാക്കൽറ്റികളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ട വിവിധ പ്രവർത്തനങ്ങളുടെ സംക്ഷിപ്ത വിവരണമാണ് ഇനിയുള്ള പേജുകളിൽ.

### ✵ ജൂൺ 19, 2005 : വായനാദിനം

വായനാദിനത്തിന്റെ ഭാഗമായി ഡയറ്റ് അദ്ധ്യാപകർ തങ്ങളുടെ വായനാനുഭവം പങ്കിടുന്ന വേദിയൊരുക്കി. പുൽപ്പള്ളി പഴശ്ശി രാജാ കോളേജ് മുൻ പ്രിൻസിപ്പാൾ പ്രൊഫ. മോഹൻ ബാബു അദ്ധ്യക്ഷനായിരുന്നു. ഓരോ അംഗങ്ങളും തങ്ങൾ വായനയിലേക്കു വന്ന വഴികൾ വിശദമാക്കി. തുടർന്ന്, ഓരോരുത്തരും തങ്ങൾക്കേറ്റവുമിഷ്ടപ്പെട്ട പുസ്തകത്തെക്കുറിച്ച് സംസാരിച്ചു. അതോടൊപ്പം ആ പുസ്തകത്തിലെ ഏറ്റവുമിഷ്ടപ്പെട്ട മുഹൂർത്തം, കഥാപാത്രങ്ങൾ തുടങ്ങിയവയും വിശദമാക്കി.

ഓരോ വായനക്കാരനും തന്നെ വായനയിലേക്കു നയിച്ച ഒരു വായനാഗുരു ഉണ്ടായിരിക്കുമെന്ന് പ്രൊഫസർ മോഹൻ ബാബു അഭിപ്രായപ്പെട്ടു. തുടർന്ന് സംസാരിച്ചവരെല്ലാംതന്നെ ഈ അഭിപ്രായത്തോടു യോജിക്കുകയായിരുന്നു. കുട്ടികളുടെ വായനയെ പ്രോത്സാഹിപ്പിക്കുന്നതിന് അധ്യാപകർ നല്ല വായനക്കാരായി മാറേണ്ടതുണ്ടെന്ന ആശയം കൂടുതൽ പ്രബലപ്പെടുത്തുന്നതിന് ഈ കൂടിച്ചേരൽ സഹായകമായി.

### ❋ കഥാക്യാമ്പ് : 2005 സെപ്തംബർ 2, 3, 4

വയനാട്ടിലെ അഞ്ച് ടി.ടി.ഐ.കളിൽനിന്നും തെരഞ്ഞെടുത്ത അമ്പത് അധ്യാപകവിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് മൂന്നുദിവസം നീണ്ടുനിന്ന കഥാക്യാമ്പ് സംഘടിപ്പിച്ചു. കേരളത്തിലാദ്യമായാണ് അധ്യാപകവിദ്യാർത്ഥികൾക്കായി ഇത്തരമൊരു ക്യാമ്പ് സംഘടിപ്പിക്കപ്പെട്ടത്. വയനാട് ഡയറ്റിന്റെ വാർഷികപദ്ധതിയുടെ ഭാഗമായി പ്ലാൻ ചെയ്ത ഈ സവിശേഷപരിപാടിക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അനുമതിയും ഫണ്ടും ലഭിക്കുകയുണ്ടായി. മൂന്നുദിവസത്തെ റസിഡൻഷ്യൽ ക്യാമ്പിൽ കേരളത്തിലെ പ്രശസ്തരായ കഥാകൃത്തുക്കൾ പങ്കെടുത്തു. പ്രശസ്ത കഥാകൃത്ത് ശ്രീ. പി.കെ. പാറക്കടവ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. അർഷാദ് ബത്തേരി, ടി.സി. ജോൺ എന്നിവരും ക്യാമ്പിലെത്തി. എഴുത്തുകാർ തങ്ങളുടെ രചനാമുഹൂർത്തങ്ങൾ വിശദമാക്കുകയും എഴുത്തിന്റെ സവിശേഷതകൾ പങ്കുവയ്ക്കുകയും ചെയ്തു. ക്യാമ്പംഗങ്ങൾ തങ്ങളുടെ കഥകൾ അവതരിപ്പിക്കുയും അവയെ അടിസ്ഥാനമാക്കിയുള്ള ചർച്ചകളിലേർപ്പെടുകയും ചെയ്തു. ചെറുകഥാപ്രസ്ഥാനം, മലയാള ചെറുകഥയിലെ കുലപതികൾ, മലയാളകഥയുടെ രാഷ്ട്രീയാന്തർഗതങ്ങൾ, കഥ: ആധുനികതയുടെ കാലം , നവോത്ഥാനകാലത്തെ കഥകൾ തുടങ്ങിയ വിവിധ സെഷനുകൾ ക്യാമ്പിന്റെ ഭാഗമായി നടന്നു. മലയാളത്തിലെ ശ്രദ്ധേയമായ പത്തോളം കഥകൾ ക്യാമ്പംഗങ്ങൾക്കു പരിചയപ്പെടുത്തുന്ന സെഷനുകളുമുണ്ടായിരുന്നു.

### ❋ കവിതാക്യാമ്പ്:

കഥാക്യാമ്പ് സംഘടിപ്പിച്ചതുപൊലെതന്നെ ടി.ടി.ഐ. വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് കവിതാക്യാമ്പും ഡയറ്റിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുകയുണ്ടായി. പ്രമുഖ കവികളായ സിവിക് ചന്ദ്രൻ, ടി.പി. രാജീവൻ, രാജൻ വെളുതൊണ്ടിക്കുന്ന്, രതീഷ് വാസുദേവൻ, ടി.സി. ജോൺ തുടങ്ങിയവരാണ് ക്യാമ്പ് നയിച്ചത്. ക്യാമ്പംഗങ്ങൾ സ്വന്തം രചനകളവതരിപ്പിച്ചു. മലയാള കവിതയിലെ വിവിധ പ്രസ്ഥാനങ്ങളെയും ശ്രദ്ധേയരായ എഴുത്തുകാരെയും അവരുടെ രചനകളെയും പരിചയപ്പെടുത്തുന്ന വിവിധ സെഷനുകളുമുണ്ടായിരുന്നു.

### ❋ കാറ്റലോഗ് നിർമ്മാണം

യൂണിസെഫിന്റെ സഹായത്തോടെ ജില്ലയിലെ മുപ്പത്തിമൂന്ന് സർക്കാർ അപ്പർ പ്രൈമറി വിദ്യാലയങ്ങളിൽ Gender Sensitive Quality Education Package എന്ന പേരിൽ സവിശേഷമായ ചില പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. വയനാട് ഡയറ്റാണ് ഈ പദ്ധതിക്ക് അക്കാദമിക നേതൃത്വം നല്കുന്നത്. നിലവിലുള്ള പാഠ്യപദ്ധതിക്കനുസൃതമായി വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുകയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമാക്കുന്നത്. സ്കൂൾ ലൈബ്രറികളുടെ ശാക്തീകരണം യൂണിസെഫിന്റെ പ്രധാനലക്ഷ്യങ്ങളിലൊന്നാണ്. ഇതിന്റെ ഭാഗമായി മുപ്പത്തിമൂന്ന് വിദ്യാലയങ്ങൾക്കും നൂറിലധികം പുസ്തകങ്ങളുടെ മൂന്നു കോപ്പികൾ വീതം നല്കിക്കഴിഞ്ഞു. പുസ്തകങ്ങൾ ഫലപ്രദമായി ഉപയോഗിക്കപ്പടണം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് സ്കൂൾ ലൈബ്രറിയിലെ പുസ്തകശേഖരത്തിന്റെ ഉള്ളടക്കത്തെ സൂചിപ്പിക്കുന്ന കാറ്റലോഗുകൾ സ്കൂൾതലത്തിൽ രൂപപ്പെടണം എന്ന് കണ്ടെത്തുകയുണ്ടായി. പുസ്തകത്തിന്റെ പൊതുവിവരങ്ങൾക്കൊപ്പം ഉള്ളടക്കത്തെക്കുറിച്ചുള്ള സംക്ഷിപ്തവിവരണം, ഏതേതു ക്ലാസ്സുകളിൽ ഏതേതു വിഷയങ്ങളുമായി ബന്ധപ്പെടുത്തി വായിക്കാം തുടങ്ങിയ കാര്യങ്ങളും കാറ്റലോഗിൽ സൂചിപ്പിക്കപ്പെടേണ്ടതുണ്ട്. ഈ അർത്ഥത്തിൽ ജില്ലയിലും പുറത്തുമുള്ള അധ്യാപകരെയും ഡയറ്റ് ഫാക്കൽറ്റി അംഗങ്ങളെയും എഴുത്തുകാരെയും മികച്ച വായനക്കാരെയും പങ്കെടുപ്പിച്ചുകൊണ്ട് നൂറിലധികം പുസ്തകങ്ങളെ അടിസ്ഥാനമാക്കി കാറ്റലോഗ് നിർമ്മിച്ചു. ഇത് പ്രിന്റു ചെയ്ത് സ്കൂളുകൾക്കു നല്കുന്ന ചുമതല യൂണിസെഫ് ഏറ്റെടുത്തിട്ടുണ്ട്. ഇതോടൊപ്പം സ്കൂൾതലത്തിലും കാറ്റലോഗ് നിർമ്മാണ ശില്പശാലകൾ സംഘടിപ്പിക്കുകയും അതുവഴി വളരുന്ന ഒരു കാറ്റലോഗ് എല്ലാ വിദ്യാലയങ്ങളിലും രൂപപ്പെടുകയും വേണമെന്നാണ് ഇത്തരമൊരു പ്രവർത്തനത്തിലൂടെ ലക്ഷ്യമാക്കുന്നത്.

### ❋ വായനോത്സവം 2005

നിലവിലുള്ള പാഠ്യപദ്ധതിയിൽ വായനയ്ക്ക് അതീവപ്രാധാന്യമുണ്ട്. അതുകൊണ്ടുതന്നെ സ്കൂൾ ലൈബ്രറികളും അതുവഴി ക്ലാസ്സ് ലൈബ്രറികളും സുസജ്ജമാകേണ്ടതുണ്ട്. സ്കൂൾ ലൈബ്രറികളിൽ ധാരാളം പുസ്തകങ്ങളുള്ളതുകൊണ്ടുമാത്രം വായനാപുരോഗമിക്കണമെന്നില്ല. പുസ്തകങ്ങൾ കുട്ടികളുടെ കൈകളിലെത്തണം. ദിശാബോധത്തോടെയുള്ള വായനയ്ക്ക് കൃത്യമായ ആസൂത്രണത്തിന്റെ അടിസ്ഥാനത്തിൽ കർമ്മപരിപാടികളാവിഷ്കരിക്കണം. കുട്ടികളുടെ വായന പ്രോത്സാഹി

ഷിക്കുന്നതിന് എന്തൊക്കെ പ്രവർത്തനങ്ങളാവാം , ഇക്കാര്യത്തിൽ അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കും ഗ്രന്ഥശാലാപ്രവർത്തകർക്കും രക്ഷിതാക്കൾക്കും എന്തുറോളാണ് നിർവ്വഹിക്കാൻ കഴിയുക എന്നീ ചിന്തകളുടെ അടിസ്ഥാനത്തിൽ യൂണിസെഫിന്റെ ധനസഹായത്തോടെ ജില്ലയിലെ മുപ്പത്തിമൂന്ന് സർക്കാർ അപ്പർപ്രൈമറി വിദ്യാലയങ്ങളിൽ വായനോത്സവം സംഘടിപ്പിക്കുകയുണ്ടായി. ഇതിന്റെ മുന്നോടിയായി അദ്ധ്യാപകർക്കും രക്ഷാകർത്തൃസമിതിയംഗങ്ങൾക്കും പ്രധാനാദ്ധ്യാപകർക്കും ബ്ലോക്കടിസ്ഥാനത്തിൽ പരിശീലനം നല്കി; വായനോത്സവത്തിന്റെ ഭാഗമായി വിദ്യാലയങ്ങളിൽ നടക്കേണ്ട വിവിവധ പ്രവർത്തനങ്ങളുടെ കൃത്യമായ ഒരു പാക്കേജും രൂപപ്പെടുത്തി.

സ്കൂൾ ലൈബ്രറി ചിട്ടപ്പെടുത്തൽ, പുസ്തകപ്രദർശനം, വിളംബരജാഥ, വായനാനുഭവം പങ്കുവയ്ക്കൽ, ക്ലാസ്സ് ലൈബ്രറി സജ്ജമാക്കൽ, പുസ്തകവായന, അദ്ധ്യാപകരും രക്ഷിതാക്കളും പങ്കെടുക്കുന്ന വായനക്കൂട്ടായ്മകൾ, മികച്ച ഗ്രന്ഥശാലകൾ സന്ദർശിക്കൽ, ലൈബ്രറി നോട്ട്, ആസ്വാദനക്കുറിപ്പ് എന്നിവ തയ്യാറാക്കൽ വായനയെ അടിസ്ഥാനമാക്കിയുള്ള വിവിധ രംഗാവിഷ്ക്കരണങ്ങൾ, പുസ്തകം പരിചയപ്പെടുത്തൽ, സ്കൂൾ ലൈബ്രറിയിലെ പുസ്തകങ്ങൾ രക്ഷിതാക്കൾക്കും പ്രയോജനപ്പെടുത്താനവസരം. എഴുത്തുകാരുമായി സംവാദം. വായനയുമായി ബന്ധപ്പെടുത്തി വിവിധ വ്യവഹാര രൂപങ്ങളുടെ രചന തുടങ്ങി നിരവധി വായനാപ്രവർത്തനങ്ങൾ വായനോത്സവകാലത്ത് സംഘടിപ്പിച്ചു. ജനപ്രതിനിധികളും വിദ്യാഭ്യാസപ്രവർത്തകരും വായനോത്സവത്തിൽ പങ്കാളികളായി. വായനോത്സവ നടത്തിപ്പിനായി ഓരോ സ്കൂളിനും യൂണിസെഫ് ധനസഹായവും നല്കി. പൈലറ്റ് എന്ന നിലയിൽ നടത്തിയ ഇത്തരം പ്രവർത്തനങ്ങൾ തുടർന്നും ക്ലാസ്സു മുറികളിൽ നടപ്പാക്കാവുന്നതാണെന്ന പൊതുനിഗമനം ഇതോടെ രൂപപ്പെടുകയുണ്ടായി.

## Faculty of Planning and Management Programmes during 2005-06

2005-06 അധ്യയനവർഷത്തിൽ വയനാട് ഡയറ്റിലെ Planning and Management Facultyയുടെ നേതൃത്വത്തിൽ രണ്ട് ബൃഹത് പരിപാടികൾ നടത്തപ്പെടുകയുണ്ടായി.

1. ജില്ലയിലെ വിദ്യാഭ്യാസ ഓഫീസുകളിൽ ജോലി ചെയ്യുന്ന സൂപ്രണ്ടുമാർക്കും ഹെഡ് ക്ലാർക്കുമാർക്കും നല്കിയ പരിശീലനം.
2. പ്രധാനാദ്ധ്യാപകർക്ക് കൈപുസ്തകം രചിക്കുവാനുള്ള ശില്പശാലയും തുടർന്നുള്ള പരിശീലനവും (Excellence in short Administration Programme)

1. 5 Day Training for Clerks / Superindendants in Educational Offices.

   a. വിദ്യാഭ്യാസ ഓഫീസുകളിൽ ജോലി ചെയ്യുന്ന സൂപ്രണ്ടുമാർക്കും ഹെഡ് ക്ലാർക്കുമാർക്കും work cultureഉം Social commitmentഉം Civic senseഉം വർദ്ധിപ്പിക്കുന്നതിനുദ്ദേശിച്ചു നടപ്പാക്കിയ ഈ പഞ്ചദിന പരിശീലനം സ്പോൺസർ ചെയ്തത് IMG ആയിരുന്നു. നടത്തിപ്പിന്റെ ചുമതല വയനാട് DDEക്ക് ആയിരുന്നെങ്കിലും കോഴ്സിന്റെ Module രൂപീകരണം, ക്ലാസ്സുകൾ കൈകാര്യം ചെയ്യൽ തുടങ്ങിയ അക്കാദമിക സഹായം പൂർണ്ണമായും ഡയറ്റിലെ Planning and Management Facultyയുടെ ചുമതലയിലായിരുന്നു. ജൂലൈ 4-8 ആയിരുന്നു പരിശീലനവേള.

   b) Training for newly promoted Headmasters

DIETൽവച്ച് IMGയുടെ സ്പോൺസർഷിപ്പിൽ P&M Facultyയുടെ അക്കാദമിക പിന്തുണയോടെ നടപ്പിലാക്കിയ മറ്റൊരു പ്രോഗ്രാമാണ് പുതിയ പ്രധാനാദ്ധ്യാപകർക്കുള്ള അഞ്ചു ദിവസത്തെ പരിശീലനം. ഈ പ്രോഗ്രാം ജൂലൈ 11 മുതൽ 16 വരെയുള്ള ദിവസങ്ങളിൽ നടന്നു.

II. Excellence in School Administration Programme.

a) ഹെഡ്മാസ്റ്റേഴ്സ് മാന്വൽ നിർമ്മാണ ശില്പശാല

പുതുതായി പ്രമോഷൻ ലഭിച്ച് വിദ്യാലയങ്ങളിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വമേകാൻ എത്തുന്ന പ്രധാനാദ്ധ്യാപകരിൽ ആത്മവിശ്വാസവും പ്രൊഫഷണലിസവും വളർത്താൻ റഫറൻസ് പുസ്തകങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്. വിദ്യാലയങ്ങളിൽ അവശ്യം നടക്കേണ്ടുന്ന അക്കാദമിക പ്രവർത്തനങ്ങൾ വിശദമായി ചർച്ചചെയ്യുന്ന ഒരു കൈപുസ്തകം നിർമ്മിക്കുകയാണ് ഈ ശില്പശാലയിൽ നടന്നത്. ഈ പ്രവർത്തനം 5 ദിവസം ദൈർഘ്യമുള്ള രണ്ടു ശില്പശാലകളായാണ് നടന്നത്.

**1. ശില്പശാല I. (29-8-2005 to 2-9-2005)**

ജില്ലയിലെ വിവിധ ഭാഗങ്ങളിൽനിന്നുള്ള Retired Headmasters, Primary Headmasters, Primary Teachers, DIET Staff എന്നിങ്ങനെ 14പേർ പങ്കെടുത്ത ഈ ശില്പശാല ഡയറ്റിൽവച്ചാണ് നടത്തിയത്. പുസ്തകത്തിന്റെ ഉള്ളടക്കം, Format എന്നിവ തീരുമാനിച്ചു. വിവിധ ഗ്രൂപ്പുകൾ വിവിധ അധ്യായങ്ങൾ എഴുതി. പുസ്തകത്തിന്റെ കരട് രൂപപ്പെട്ടു.

2. ശില്പശാല II (20-10-2005 to 25-10-2005)

ആദ്യ ശില്പശാലയിൽ പങ്കെടുത്തവരിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട 8 പേർ മാത്രമേ രണ്ടാം ഘട്ടത്തിൽ പങ്കെടുത്തുള്ളൂ. അധ്യായങ്ങളുടെ പുനർവായനയും നവീകരണവും Printed copy യുടെ എഡിറ്റിംഗ് ജോലിയും ഈ ഘട്ടത്തിൽ നടത്തി. പുസ്തകത്തിന് വഴിവിളക്ക് എന്ന പേരു നൽകി.

b. പ്രധാനാദ്ധ്യാപകർക്കുള്ള പരിശീലനം

I. Module Preparation Workshop

1. വഴിവിളക്ക് എന്ന മാന്വൽ ആധാരമാക്കി ഹെഡ്മാസ്റ്റേഴ്സിന് പരിശീലനം നല്കാനുള്ള Module രൂപപ്പെടുത്തിയ 2 ദിവസത്തെ workshop ആണ് ആദ്യം നടന്നത്. ഇതിൽ 8 പേർ പങ്കെടുത്തു.

2. Training for Headmasters of Primary schools

* ആദ്യബാച്ച് ട്രെയ്നിംഗ് 18-1-06ൽ 23-01-06ൽ അവസാനിച്ചു. 36 പേർ പങ്കെടുത്തു.

  'വഴിവിളക്ക് എന്ന കൈപുസ്തകത്തിന്റെ പ്രകാശനം ബഹു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സി.കെ. സഹദേവൻ 23-01-06 ന് 2 മണിക്ക് നടത്തി.

* രണ്ടാം ബാച്ച് Training മാനന്തവാടി Little Flower U.P. School ലും വൈത്തിരി BRC യിലും വച്ചുനടത്തി. 7-2-06 മുതൽ 14-2-06 വരെ ഈ പരിശീലനം നീണ്ടു. 79 പേർ രണ്ട് മേഖലയിലുമായി പങ്കെടുത്തു.

തയ്യാറാക്കിയത് : സി.ആർ.ബാഹുലേയൻ (പ്ലാനിംഗ് & മാനേജ്മെന്റ് ഫാക്കൽറ്റി)

## ✵ ഫാക്കൽടി : എഡ്യുക്കേഷണൽ ടെക്നോളജി

- **യു.പി. അധ്യാപകർക്കുള്ള കമ്പ്യൂട്ടർ പരിശീലനം**

ജില്ലയിലെ യു.പി. സ്കൂൾ അധ്യാപകർക്കായി നാലുഘട്ടങ്ങളിലായി കമ്പ്യൂട്ടർ പരിശീലനം നൽകി. ഡയറ്റിലെ കമ്പ്യൂട്ടർ ലാബ് ഇതിനായി പ്രയോജനപ്പെടുത്തി. കമ്പ്യൂട്ടർ പ്രവർത്തിപ്പിക്കാൻ ശേഷി നേടുന്നതിനും കമ്പ്യൂട്ടർ ഉപയോഗപ്പെടുത്തി ക്ലാസ് റൂം പ്രവർത്തനങ്ങൾ സജീവമാക്കുന്നതിനും ഇതുവഴി അധ്യാപകരെ പ്രാപ്തരാക്കുകയായിരുന്നു ലക്ഷ്യം. പഠനത്തിൽ ഇൻഫർമേഷൻ ടെക്നോളജിയുടെ സാധ്യത കണ്ടെത്തുന്നതിന് ഈ പരിശീലനങ്ങൾ സഹായകമായി.

- **യൂണിസെഫ്, ഡയറ്റ് സംയുക്ത പ്രവർത്തനങ്ങൾ**

യൂണിസെഫിന്റെ സഹായത്തോടെ ജില്ലയിലെ സർക്കാർ യു.പി. സ്കൂളുകളിൽ നടപ്പിലാക്കിവരുന്ന ജെൻഡർ സെൻസിറ്റീവ് ക്വാളിറ്റി എഡ്യുക്കേഷൻ പ്രോഗ്രാമിന്റെ ഭാഗമായി തെരഞ്ഞെടുത്ത വിദ്യാലയങ്ങളിൽ കുട്ടികളുടെ പഠന നിലവാരപരിശോധനക്കായി ഒരു പഠനം നടന്നു. പഠനവുമായി ബന്ധപ്പെട്ട റിപ്പോർട്ട് തയ്യാറാക്കുന്നതിനും പഠനത്തിന്റെ ഭാഗമായി ലഭിച്ച വിവരങ്ങൾ ക്രോഡീകരിക്കുന്നതിനും ഇ.ടി.ഫാക്കൽറ്റി നേതൃത്വം നൽകി. ഡയറ്റിന്റെ ടെക്നോളജി സൗകര്യങ്ങൾ ഇതിനായി പ്രയോജനപ്പെടുത്തി.

- **അധ്യാപക വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ പരിശീലനം**

ഡയറ്റിലെ അധ്യാപക വിദ്യാർത്ഥികൾക്ക് പ്രവൃത്തി ദിവസങ്ങളിൽ വൈകുന്നേരം 3.30 മുതൽ 4.30 വരെ കമ്പ്യൂട്ടർ പരിശീലനം നൽകി. കുട്ടികൾക്ക് കമ്പ്യൂട്ടറിനെക്കുറിച്ചുള്ള പ്രാഥമിക ധാരണ ലഭിക്കുന്നതിനും പഠന പ്രവർത്തനങ്ങൾ തയ്യാറാക്കുമ്പോൾ കമ്പ്യൂട്ടറിന്റെ ക്ലാസ് റൂം സാധ്യതകൾ തിരിച്ചറിയാനും ഈ പരിശീലനങ്ങൾ പ്രയോജനപ്പെട്ടു.

- **ഇ.ടി. ഫാക്കൽറ്റിയുടെ മറ്റു പ്രവർത്തനങ്ങൾ**

ഡയറ്റിലെ ടി.ടി.സി വിദ്യാർത്ഥികൾക്കും ജില്ലയിലെ മറ്റ് അധ്യാപകർക്കും ഉപയോഗപ്പെടുത്താൻ കഴിയുന്ന മൾട്ടി മീഡിയ സൗകര്യങ്ങൾക്കായി ഒരു പ്രത്യേക മുറിതന്നെ സജ്ജമാക്കിയിട്ടുണ്ട്. പ്രീ സർവ്വീസ് ടീച്ചർ എഡ്യുക്കേഷൻ ഫാക്കൽറ്റിയുടെ നേതൃത്വത്തിലാണ് ഈ സൗകര്യമൊരുക്കിയത്. ടെക്നോളജി ഫാക്കൽറ്റിയാണ് ഇതിന് സാങ്കേതിക നേതൃത്വം നൽകിയത്.

ഡയറ്റിൽ നടക്കുന്ന വിവിധ പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ, പരിശീലന മൊഡ്യൂളുകൾ, റിപ്പോർട്ടുകളുടെയും പഠനങ്ങളുടെയും ഡി.ടി.പി, ലേ ഔട്ട്, പ്രിന്റിംഗ് എന്നിവ ഇ.ടി. ഫാക്കൽറ്റിയുടെ നേതൃത്വത്തിലാണ് നടക്കുന്നത്.

## ✵ ഫാക്കൽറ്റി: ഡിസ്ട്രിക്റ്റ് റിസോഴ്സ് യൂണിറ്റ് (DRU)

തുടർ വിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി താഴെ പറയുന്ന പരിശീലനങ്ങൾ നടന്നു. ജില്ലാ സാക്ഷരതാ മിഷനുമായി സഹകരിച്ചുകൊണ്ടാണ് വിവിധ പ്രവർത്തനങ്ങൾ നടത്തിയത്.

1. പത്താം ക്ലാസ് തുല്യതാ പരീക്ഷയെഴുതുന്നവർക്കുവേണ്ടിയുള്ള പരിശീലനം
2. തുടർവിദ്യാഭ്യാസം: നാലാം ക്ലാസ് തുല്യതാ ക്ലാസ് ഇൻസ്ട്രക്ടർമാർക്കും പ്രേരക്മാർക്കുമുള്ള പരിശീലനം
3. ഏഴാം ക്ലാസ് തുല്യതാ പരീക്ഷയുടെ മൂല്യനിർണയം
4. പത്താം ക്ലാസ് തുല്യതാ പരീക്ഷയെഴുതുന്നവർക്കായുള്ള 3 ദിവസത്തെ പരിശീലനം
5. സാക്ഷരതാ പ്രേരക് മാർക്കുള്ള പരിശീലനം
6. തുല്യതാ ഇൻസ്ട്രക്ടർമാർക്ക് മൂന്ന് ദിവസത്തെ പരിശീലനം

7. ഏഴാംക്ലാസ് തുല്യതാ പരീക്ഷ - മൂല്യനിർണയം, പഠനം

ഡയറ്റിന്റെ നേതൃത്വത്തിൽ വയനാട് ജില്ലയിലെ ഏഴാം ക്ലാസ് വിദ്യാർത്ഥികൾക്കിടയിൽ കൗമാര വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടുള്ള ഒരു സമഗ്രപഠനം നടന്നു. വിവിധ ഘട്ടങ്ങളിലായി നടന്ന ഈ പഠനത്തിൽ ഡയറ്റിലെ മറ്റ് ഫാക്കൽട്ടി അംഗങ്ങളും അധ്യാപകരും സഹകരിച്ചു. പഠന റിപ്പോർട്ട് തയ്യാറാക്കി ഡി.പി.ഐക്ക് സമർപ്പിച്ചു.

തയ്യാറാക്കിയത് : സി.വി. സുജാത

## ഫാക്കൽറ്റി : പ്രിസർവ്വീസ് ടീച്ചർ എഡ്യുക്കേഷൻ

പാഠ്യപദ്ധതിക്കനുസൃതമായി കൃത്യമായ പ്ലാനിംഗിന്റേയും വിലയിരുത്തലിന്റെയും അടിസ്ഥാനത്തിലാണ് ടി.ടി.ഐ. ക്ലാസ്സുകൾ മുന്നോട്ടു പോകുന്നത്. എല്ലാ ആഴ്ചകളിലും ഡയറ്റ് റിസോഴ്സ് ഗ്രൂപ്പ് (DRG) ചേർന്ന് റിവ്യൂ നടത്തുകയും അടുത്ത ആഴ്ചയിലേക്കുള്ള വിശദമായ പ്ലാനിംഗ് നടത്തുകയും ചെയ്യുന്നു. പഠനത്തോടൊപ്പം കുട്ടികളുടെ വിവിധ കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള സവിശേഷ പ്രവർത്തനങ്ങളും കൂട്ടായ പ്ലാനിംഗിന്റെ അടിസ്ഥാനത്തിൽ നടക്കുന്നു. പഠനയാത്രകൾ, ഫീൽഡ് വിസിറ്റുകൾ, കലാസാഹിത്യ രംഗങ്ങളിലെ വിദഗ്ധരുടെ ക്ലാസുകൾ, പഠന വിഷയങ്ങൾക്കൊപ്പം മറ്റ് സാമൂഹ്യ സാംസ്കാരിക വിഷയങ്ങളെ അധികരിച്ചുള്ള സെമിനാറുകൾ, ചർച്ചകൾ. വായന പ്രോത്സാഹിപ്പിക്കാനുള്ള വിവിധ പ്രവർത്തനങ്ങൾ, കായിക പരിശീലനങ്ങൾ, നൃത്തം, സംഗീതം, വാദ്യം ഇവയുടെ പരിശീലനങ്ങൾ. പ്രവൃത്തിപരിചയ ശിൽപ്പശാലകൾ, ബഹുമുഖ ബുദ്ധിശക്തിവികാസത്തിന് ഉപയുക്തമായ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ - ബദൽവിദ്യാലയങ്ങളെക്കുറിച്ചും അവിടത്തെ പഠനരീതിയെക്കുറിച്ചുമുള്ള പഠനങ്ങൾ, വിവിധ സ്കൂളുകൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ, സ്കൂൾതല കലോത്സവങ്ങളിൽ ടി.ടി.ഐ വിദ്യാർത്ഥികളുടെ പങ്കാളിത്തം, കഥാക്യാമ്പ്, കവിതാക്യാമ്പ്, ചിത്ര ശില്പ രചനാശിൽപ്പശാലകൾ, മികച്ച വായനക്കാരെ ആദരിക്കൽ, രക്ഷാകർത്തൃസംഗമം - രക്ഷാകർത്താക്കളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള വിവിധ സാംസ്കാരിക പരിപാടികൾ - ഇങ്ങനെ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന വൈവിധ്യമാർന്ന അനുഭവങ്ങൾ നേടിക്കൊണ്ടാണ് കുട്ടികൾ പഠനരംഗത്തു പുരോഗമിക്കുന്നത്. കുട്ടികളുടെ പ്രായത്തിനനുസരിച്ച് അവതരണ വ്യക്തിത്വത്തെ അംഗീകരിച്ചുകൊണ്ടും തികച്ചും ജനാധിപത്യമായ രീതിയിലുമാണ് അധ്യാപക വിദ്യാർത്ഥികൾക്ക് പരിശീലനം നൽകിവരുന്നത്.

## സമൂഹ സമ്പർക്ക സഹവാസക്യാമ്പ്

ഒരു ജനാധിപത്യ സമൂഹത്തിൽ പ്രതിജ്ഞാബദ്ധമായ അധ്യാപകജീവിതം നയിക്കുന്നതിനുള്ള പ്രാരംഭ പാഠങ്ങൾ സ്വയമാർജ്ജിക്കുക എന്നതാണ് ഈ ക്യാമ്പിന്റെ പ്രധാന ലക്ഷ്യം. പാഠ്യപദ്ധതി മാറുകയും ക്ലാസുമുറികൾ മുമ്പത്തേക്കാളേറെ ജനാധിപത്യവൽക്കരിക്കപ്പെടുകയും ചെയ്ത ഇക്കാലത്ത് ഇത്തരം ക്യാമ്പുകൾ അനിവാര്യമാണ്. അധ്യാപക വിദ്യാർത്ഥികളിൽ സാമൂഹ്യജീവിതത്തിന്റെ വിശാലമായ കാഴ്ചപ്പാടുകൾ രൂപീകരിക്കുന്നതിന് ഇത്തരം സംഘജീവിതം ഉപകരിക്കും. സഹകരണ മനോഭാവം, ജനാധിപത്യബോധം, സഹപ്രവർത്തനങ്ങളിലൂടെ വ്യക്തിത്വ വളർച്ച, വിവിധ തൊഴിലുകളോടുള്ള ആഭിമുഖ്യം വളർത്തൽ, വിവിധ തൊഴിലുകളുടെ മഹത്വം തിരിച്ചറിയൽ, സർഗാത്മകതയുടെ വികാസം, വൈവിധ്യമാർന്ന സംഘജീവിതാനുഭവങ്ങൾ - ഇവയൊക്കെയാണ് ക്യാമ്പിന്റെ ഉള്ളടക്കവും ലക്ഷ്യവും.

സ്വയം ഭക്ഷണം പാകം ചെയ്തും വിവിധ നിർമ്മാണപ്രവർത്തനങ്ങളിലേർപ്പെട്ടും വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠനാനുഭവങ്ങൾ നേടിയും ക്യാമ്പ് പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. 2005-2006 വർഷത്തെ ക്യാമ്പിന്റെ പ്രവർത്തനങ്ങൾ സംക്ഷിപ്തമായി ചുവടെ ചേർക്കുന്നു.

മാസികാ നിർമ്മാണം, നാടക ശിൽപ്പശാല, കൃഷി, പരിസരശുചീകരണം, യോഗപരിശീലനം, ഫിലിം പ്രദർശനം, വായന, പഠനയാത്ര, ഓരോ ദിവസവും വിശിഷ്ടാതിഥികളുമായി സംവാദം, പാർലമെന്റ്, അസംബ്ലി പാവകളി, നാടൻപാട്ട്, പ്രസംഗക്കളരി, ചിത്രകല, പാവനാടകം, സംഗീതം, നൃത്തം, നാടകസംവിധാനം-അവതരണം, സ്ക്രിപ്റ്റ് തയ്യാറാക്കൽ, പ്രോജക്ടുകൾ, സെമിനാറുകൾ, നാടകോത്സവം, വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, നക്ഷത്രക്ലാസ്, സി.ഡി. നിർമ്മാണം.

ദിനാചരണങ്ങൾ : ചാന്ദ്രദിനം, സ്വാതന്ത്ര്യദിനം, വായനാദിനം, എഴുത്തുകാർ, മഹദ്വ്യക്തികൾ എന്നിവരുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ സംഘടിപ്പിച്ചു.

### സ്വാതന്ത്ര്യദിനാഘോഷം

ജില്ലയിലെ UP, HS വിദ്യാർത്ഥികൾക്കും ഡയറ്റു വിദ്യാർത്ഥികൾക്കും സ്വാതന്ത്ര്യദിനത്തിൽ പ്രസംഗം, ക്വിസ്, കവിതാപാരായണ മത്സരങ്ങൾ നടത്തി. ഇന്ത്യാഗവൺമെന്റ് ഫീൽഡ് പബ്ലിസിറ്റിയുമായി സഹകരിച്ചാണ് ഇവ സംഘടിപ്പിച്ചത്. ഡയറ്റിലെ രണ്ടാംവർഷ അധ്യാപക വിദ്യാർത്ഥികളാണ് മുഴുവൻ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകിയത്.

### ഓണസദ്യ

ഡയറ്റിലെ അധ്യാപകരും വിദ്യാർത്ഥികളും രക്ഷിതാക്കളും ഒരുമിച്ച് ചേർന്ന് ഓണസദ്യയൊരുക്കി. ഇത് വലിയൊരു സാംസ്കാരിക അനുഭവമായി മാറി.

### സ്റ്റഡി ടൂർ

രാമോജി ഫിലിം സിറ്റി, ഗോൽക്കൊണ്ട ഫോർട്ട്, പ്ലാനട്ടോറിയം, ദിനോസോറിയം, മ്യൂസിയം, ബിർളാമന്ദിർ, സലാർ ജംഗ് മ്യൂസിയം, ചാർമിനാർ, സുവോളജിക്കൽ പാർക്ക്, പുട്ടപർത്തി, പ്രശാന്തി നിലയം, ചാമുണ്ടി ടെമ്പിൾ, മൈസൂർ പാലസ്, ആർട്ട് ഗാലറി, ടിപ്പുവിന്റെ സമ്മർ പാലസ്, കൃഷ്ണരാജസാഗർ - യാത്രയിൽ ഇവിടങ്ങളൊക്കെ സന്ദർശിച്ചു.

തയ്യാറാക്കിയത് : കെ. ഇന്ദിര

### ഫാക്കൽട്ടി : കരിക്കുലം മെറ്റീരിയൽ ഡവലപ്മെന്റ് ആന്റ് ഇവാലുവേഷൻ (CMDE)

- കഥാക്യാമ്പ്, കവിതാ ക്യാമ്പ് - നേതൃത്വം
- ഡയറ്റ് ന്യൂസ് ലെറ്റർ - തയ്യാറാക്കലും എഡിറ്റിംഗും
- മൂല്യനിർണ്ണയം - പരിശീലനങ്ങൾ

ഹൈസ്കൂൾ - ഡിസ്ട്രിക്ട് എഡ്യുക്കേഷനൽ കോർ കമ്മറ്റി പ്രവർത്തനങ്ങൾ - ഹൈസ്കൂൾ ക്ലാസ്സുകളിലെ നിരന്തര മൂല്യനിർണ്ണയ പരിശോധനകൾ.

ടീച്ചർ ലൈബ്രേറിയൻമാർക്കുള്ള പരിശീലനങ്ങൾ

തയ്യാറാക്കിയത് : പി.കെ. റെജി

### ഫാക്കൽറ്റി : വർക്ക് എക്സ്പീരിയൻസ് (W.E)

പുതിയ പാഠ്യപദ്ധതി Co-Scholastic മേഖലക്കും പ്രത്യേകിച്ച് ബഹുമുഖ ബുദ്ധിശക്തിക്കും പ്രാധാന്യം നൽകുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ജില്ലയിലെ യു.പി. അധ്യാപകർക്ക് കലാപഠനം, പ്രവൃത്തി പരിചയം, കായിക വിദ്യാഭ്യാസം എന്നീ മേഖലകളിൽ 2005-2006ൽ വിവിധ പരിശീലനങ്ങൾ നൽകി.

### ടീച്ചർ ലൈബ്രേറിയൻമാർക്കുള്ള പരിശീലനങ്ങൾ

ഡയറ്റ് ഫാക്കൽറ്റി അംഗങ്ങളുടെ നേതൃത്വത്തിൽ ജില്ലയിലെ മുഴുവൻ യു.പി.സ്കളുകളിലുമുള്ള ടീച്ചർ ലൈബ്രേറിയൻമാർക്ക് ബ്ലോക്കു തലത്തിൽ വിവിധ പരിശീലനങ്ങൾ നടത്തി.

### ഡയറ്റ് ഫാക്കൽറ്റി: മറ്റു പ്രവർത്തനങ്ങൾ

- അധ്യാപകർക്ക് വിവിധ വിഷയങ്ങളിൽ പരിശീലനങ്ങൾ
- സ്കൂൾ സന്ദർശനം തൽസമയ സഹായം (0.5.3)
- ആഴ്ചതോറും പ്രവർത്തനങ്ങൾ വിലയിരുത്തൽ
- പഠനങ്ങൾ (Studies)
- അധ്യാപകർക്ക് ക്രിയാഗവേഷണങ്ങൾക്ക് നേതൃത്വം നൽകൽ
- വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനങ്ങളിൽ പങ്കാളിത്തം
- സ്കൂൾ കലോത്സവങ്ങളിൽ പങ്കാളിത്തം
- ഗ്രന്ഥശാലകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ
- സാക്ഷരതാ പ്രവർത്തനങ്ങളിൽ പങ്കാളിത്തം
- പൊതുവിദ്യാഭ്യാസ വകുപ്പുമായി ചേർന്നുള്ള പ്രവർത്തനങ്ങൾ
- എസ്.എസ്.എ പ്രവർത്തനങ്ങൾ അക്കാദമിക നേതൃത്വം
- മൂല്യനിർണയം - ചോദ്യപേപ്പർ നിർമ്മാണം
- എസ്.എസ്.എയുടെ വിവിധ പ്രസിദ്ധീകരണങ്ങൾ, ഡോക്യുമെന്റേഷൻ, സി.ഡി. നിർമ്മാണം എന്നിവയിൽ പങ്കാളിത്തം

വിവിധ ഫാക്കൽറ്റികളുടെ നേതൃത്വത്തിൽ നടക്കുന്ന പ്രവർത്തനങ്ങളിൽ എല്ലാ ഫാക്കൽറ്റി അംഗങ്ങളും പങ്കാളികളാകുന്നു.

വിവിധ ഫാക്കൽറ്റി അംഗങ്ങൾ: പി.സുരേഷ്, പി.കെ.റെജി, ടി.വി.ഗോപകുമാർ, കെ.കെ.സുരേന്ദ്രൻ, പി.തോമസ്, സി.ആർ.ബാഹുലേയൻ, ടി.ശശിധരൻ, കെ.ഇന്ദിര, കെ.ജെ.മോളി, സി.വി.സുജാത.

### യാത്രയയപ്പ്

നീണ്ട 29 വർഷത്തെ അധ്യാപക ജീവിതത്തിൽ നിന്നും ഡയറ്റ് സീനിയർ ലക്ചറർ ശ്രീ.പി.തോമസ് വിരമിച്ചു. വയനാട് ഡയറ്റിന്റെ തുടക്കം മുതൽ ഇവിടെ സേവനമനുഷ്ഠിച്ചുവരികയായിരുന്നു അദ്ദേഹം. വിവിധ വിദ്യാലയങ്ങളിലും ബി.എഡ് കോളേജിലും അദ്ദേഹം അധ്യാപകനായിരുന്നു. ഡയറ്റിലെ അധ്യാപകരും വിദ്യാർത്ഥികളും പൂർവ്വ വിദ്യാർത്ഥികളും ചേർന്ന് അദ്ദേഹത്തിന് സമുചിതമായ യാത്രയയപ്പ് നൽകി. യാത്രയയപ്പു സമ്മേളനത്തിന്റെ ഭാഗമായി സെമിനാറും കവിയരങ്ങും സംഘടിപ്പിച്ചു.

### ന്യൂസ് ലെറ്ററിനെക്കുറിച്ച്

ഈ ലക്കത്തെക്കുറിച്ചുള്ള അഭിപ്രായങ്ങൾ എഴുതി അറിയിക്കുമല്ലോ. എല്ലാ അധ്യാപകർക്കും ഇത് കാണാനും വായിക്കാനും അവസരമൊരുക്കണം. കുട്ടികളുടെ വായനയെ ഗൗരവത്തോടെ കാണാനും വായന പ്രോത്സാഹിപ്പിക്കുന്നതിന് വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാനും ശ്രമിക്കണം. ലൈബ്രറി സജ്ജീകരണം, കാറ്റലോഗ് നിർമ്മാണം, പുസ്തക വിതരണം, ക്ലാസ് ലൈബ്രറി സജ്ജീകരണം എന്നിവക്ക് കൂടുതൽ പ്രാധാന്യം നൽകുംവിധം വാർഷിക പദ്ധതി രൂപപ്പെടുത്തണം. വാർഷിക പദ്ധതിയിൽ ഇതിനായി പ്രത്യേകമായ ഒരു പ്രവർത്തനപദ്ധതി രൂപപ്പെടുത്തണം. വായന ഗൗരവപൂർവ്വം ഏറ്റെടുക്കുന്ന ഒരു വിദ്യാർത്ഥി സമൂഹം നമ്മുടെ ലക്ഷ്യമായി മാറണം.

- എഡിറ്റർ

# ഗ്രന്ഥശാലാ ശാസ്ത്രം – ഒരാമുഖം

ലൈബ്രറിയെ 'അറിവിന്റെ ക്ഷേത്രം' എന്ന് വിശേഷിപ്പിക്കാം. അറിവിന്റെ (Information) ശേഖരണം (Collection) വർഗ്ഗീകരണം (Classification), വിതരണം (Disemination) എന്നിവയാണ് ലൈബ്രറിയുടെ പ്രധാന ഉദ്ദേശങ്ങൾ. ഈ മൂന്ന് കാര്യങ്ങളും ഉപഭോക്താവിന് അനുയോജ്യമായി നടത്തുന്നതാണ് ഒരു ലൈബ്രേറിയന്റെ കടമ. ഇതിനെ ലൈബ്രേറിയന് സഹായകമായി ഒരു ശാസ്ത്ര ശാഖ തന്നെ രൂപപ്പെട്ടിട്ടുണ്ട്. ഇതാണ് ലൈബ്രറി സയൻസ്. വിവര സാങ്കേതിക വിദ്യ (IT) യുടെ നൂതന പ്രവർത്തനങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഇത് പിന്നീട് ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസായി മാറുകയും ലൈബ്രറിയന്റെ സ്ഥാനം സൈബ്രോറിയൻ എന്ന സ്ഥാനത്തേക്ക് ഉയരുകയും ചെയ്തു. ഡോ. എസ്. രംഗനാഥന്റെ അഞ്ചു തത്വങ്ങളെ അടിസ്ഥാനമാക്കിയാണ് ഓരോ ലൈബ്രറിയും പ്രവർത്തിക്കേണ്ടത്.

### അഞ്ച് തത്വങ്ങൾ

1. പുസ്തകം ഉപയോഗിക്കാനുള്ളതാണ് (Books are for use)
2. ഓരോ പുസ്തകത്തിനും അതിന്റെ വായനക്കാരൻ (Every book as the reader)
3. ഓരോ വായനക്കാരനും അയാളുടെ പുസ്തകങ്ങൾ (Every reader as its book)
4. വായനക്കാരന്റെ സമയം ലാഭിക്കുക (Save the time of the reader)
5. ലൈബ്രറി ഒരു വളരുന്ന ജൈവരൂപമാണ് (Library is agrowing organism)

മേൽപ്പറഞ്ഞ തത്വങ്ങൾ ഫലപ്രദമായി നിറവേറ്റാൻ കുറ്റമറ്റ ലൈബ്രറി വർഗ്ഗീകരണ രീതി കൂടിയേ തീരൂ.

### വർഗ്ഗീകരണം (Classification) എന്തിന് ?

വിജ്ഞാനപ്രപഞ്ചം (Universe of knowledge) അനന്തമാണ്. അതിൽ നിന്നും നമുക്കാവശ്യമായ അറിവിനെ മാത്രം അന്വേഷിക്കുന്നത് വളരെ ശ്രമകരമാണ്. ഈ ഘട്ടത്തിൽ നല്ലൊരു വർഗ്ഗീകരണ രീതി വിജ്ഞാന അന്വേഷകനും ലൈബ്രറിയനും വളരെ അത്യാവശ്യമാണ്. ഇന്ന് പ്രചാരത്തിൽ ഉള്ളവയിൽ ലോകത്തിൽ ഏറ്റവും അധികം ഉപയോഗിച്ച് വരുന്ന ഒരു വർഗ്ഗീകരണ പദ്ധതിയാണ് ഡ്യൂയി ഡസിമൽ ക്ലാസിഫിക്കേഷൻ അഥവാ ഡി.ഡി.സി. അമേരിക്കക്കാരനായ മെൽവിൽ ഡ്യൂയിയാണ് ഇതിന്റെ ഉപജ്ഞാതാവ്. ഇതിനെ കാലാനുസൃതമായി നവീകരിച്ച് ഇപ്പോൾ ഇരുപത്തിരണ്ടാമത്തെ എഡിഷനിൽ എത്തി നിൽക്കുന്നു. സരളമായ ചിഹ്നവും പ്രയോഗ ലാളിത്യവുമാണ് ഈ വർഗ്ഗീകരണ പദ്ധതിയുടെ സവിശേഷതകൾ.

വിജ്ഞാനം ആദ്യം പത്തു ശാഖകളായി വിഭജിക്കുന്നു. ഓരോ ശാഖയും അത് സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന വർഗ്ഗ നമ്പറും ചുവടെ ചേർക്കുന്നു.

വിജ്ഞാന പ്രപഞ്ചം (Universe of Knowledge)

| | |
|---|---|
| 000 | പലവക (Generalia) |
| 100 | ദർശനങ്ങൾ (Phylosaphy) |
| 200 | മതം (Religion) |
| 300 | സാമൂഹിക ശാസ്ത്രം (Sociology) |
| 400 | ഭാഷയും ഭാഷാ ശാസ്ത്രവും (Language and Linguistics) |
| 500 | ശാസ്ത്രം (Science) |
| 600 | സാങ്കേതിക ശാസ്ത്രം (Technology) |
| 700 | കലകൾ (Arts) |
| 800 | സാഹിത്യം (Literature) |
| 900 | ചരിത്രം (History) |

ഓരോ ശാഖയും പത്തു വിധമുള്ള ഉപശാഖകളായി വിഭജിച്ചിരിക്കുന്നു.

| | |
|---|---|
| 500 | ശാസ്ത്രം |
| 510 | ഗണിതശാസ്ത്രം |
| 520 | ജോതി ശാസ്ത്രം |
| 530 | ഊർജ്ജതന്ത്രം |
| 540 | രസതന്ത്രം |
| 550 | ഭൂവിജ്ഞാനം |
| 560 | പുരാവസ്തു വിജ്ഞാനം |
| 570 | ജീവശാസ്ത്രം |
| 580 | സസ്യശാസ്ത്രം |
| 590 | ജന്തുശാസ്ത്രം |

ഉദാഹരണത്തിനായി വീണ്ടും ഓരോന്നും പത്തു ഉപശാഖകളായി വിഭജിച്ചിരിക്കുന്നു

| | |
|---|---|
| 530 | ഊർജ്ജതന്ത്രത്തിന്റെ ഉപശാഖകൾ |
| 532 | ദ്രാവകങ്ങൾ |
| 533 | വാതകങ്ങൾ |
| 534 | ധ്വനി |
| 535 | പ്രകാശം |
| 536 | ഊഷ്മാവ് |
| 537 | വിദ്യുച്ഛക്തി, ഇലക്ട്രോണിക്സ് |
| 538 | കാന്തികശക്തി |
| 539 | ആധുനിക ഊർജ്ജതന്ത്രം |

ഇതുപോലെ ഓരോ പ്രാവശ്യവും വിഭജിക്കുമ്പോഴും ലഭിക്കുന്ന വിഭാഗങ്ങളുടെ വ്യാപ്തം കുറയുകയും സൂക്ഷ്മത കൂടുകയും ചെയ്യുന്നു




## കാറ്റലോഗിംഗ്

ലൈബ്രറിയെ ഉപയോഗിക്കുന്നവർക്ക് കൂടുതൽ സൗകര്യപ്പെടുത്താനുള്ള മറ്റൊരു സങ്കേതമാണ് കാറ്റലോഗിംഗ്. ലൈബ്രറി ശേഖരണത്തിന്റെ ക്രമാനുഗതമായ ഒരു ലിസ്റ്റിംഗ് എന്ന് കാറ്റലോഗിനെ ചുരുക്കി വിശേഷിപ്പിക്കാം. ഇത് സാധാരണയായി പുസ്തക രൂപത്തിലോ കാർഡ് രൂപത്തിലോ തയ്യാറാക്കുന്നു. കാർഡ് രൂപത്തിൽ തയ്യാറാക്കുന്ന കാറ്റലോഗുകൾ കൂടുതൽ സൗകര്യമാണ്. ഒരു പുസ്തകത്തിന് തന്നെ ഒന്നിൽ കൂടുതൽ കാറ്റലോഗുകൾ തയ്യാറാക്കുന്നു.

ഉദാഹരണം : 1. മെയിൻ എൻട്രി, 2. ഓതർ എൻട്രി, 3. സബ്ജക്ട് എൻട്രി

## Main Entry

| S10 | MUK | |
|---|---|---|
| 719 | | കേശവന്റെ വിലാപങ്ങൾ |

കേശവന്റെ വിലാപങ്ങൾ (നോവൽ)

എം. മുകുന്ദൻ

കറന്റ് ബുക്സ് പബ്ലിക്കേഴ്സ്

Accession No. 719

## Author Entry

| | | മുകുന്ദൻ എം. |
|---|---|---|
| 719 | | കേശവന്റെ വിലാപങ്ങൾ 810 |

## Subject Entry

| | | നോവൽ (മലയാളം) |
|---|---|---|
| | | കാണുക 810 |

**ലക്ഷ്യങ്ങൾ**

- ഒരു പ്രത്യേക വിഷയത്തിലോ, ഒരു പ്രത്യേക തലക്കെട്ടിലോ, ഒരു പ്രത്യേക ഗ്രന്ഥകർത്താവിന്റെയോ കൃതി കണ്ടുപിടിക്കൽ
- ഒരു ലൈബ്രറിയിൽ ഗ്രന്ഥകാരന്റെ ഏതൊക്കെ പുസ്തകങ്ങൾ ഉണ്ടെന്നും ഒരു പ്രത്യേക വിഷയത്തിൽ എത്ര പുസ്തകങ്ങൾ ഉണ്ടെന്നും അറിയാൻ.

## വിജ്ഞാനശാഖകളും ഉപശാഖകളും

| | |
|---|---|
| 000 - നിഘണ്ടു, സർവ്വ വിജ്ഞാനകോശം | 730 - ശിൽപശാല |
| 100 - ദർശനം (Phylosophy) | 740 - ചിത്രരചന |
| 200 - മതം (Religion) | 750 - വർണ്ണചിത്ര രചന |
| 300 - സാമൂഹിക ശാസ്ത്രം | 760 - കൊത്തുപണി |
| 310 - സാംഖികം | 770 - ഫോട്ടോഗ്രാഫി |
| 320 - രാഷ്ട്ര വിജ്ഞാനീയം | 780 - സംഗീതം |
| 330 - സാമ്പത്തികശാസ്ത്രം | 790 - വിനോദങ്ങൾ |
| 340 - നിയമം | 800 - സാഹിത്യം |
| 350 - പൊതുഭരണം | 810 - മലയാള സാഹിത്യം |
| 360 - സാമൂഹ്യക്ഷേമ സ്ഥാപനങ്ങൾ | 811 - കവിത |
| 370 - വിദ്യാഭ്യാസം | 812 - നാടകം |
| 380 - വാണിജ്യം, വാർത്താവിനിമയം | 813 - നോവൽ |
| 390 - ആചാരങ്ങൾ, നാടോടി, വിജ്ഞാനീയം | 814 - ഉപന്യാസങ്ങൾ |

| | |
|---|---|
| 400 - ഭാഷയും ഭാഷാശാസ്ത്രവും | 815 - പ്രസംഗം |
| 500 - ......... | 816 - കത്തുകൾ |
| 600 - സാങ്കേതിക ശാസ്ത്രം | 817 - ഹാസ്യം |
| 610 - വൈദ്യശാസ്ത്രം | 818 - പലവക |
| 620 - എൻജിനീയറിംഗ് | 819 - ... |
| 630 - കൃഷി ശാസ്ത്രം | 820 - ഇംഗ്ലീഷ് സാഹിത്യം |
| 640 - ഗാർഹിക സാമ്പത്തിക ശാസ്ത്രം | 900 - ചരിത്രം |
| 650 - ബിസിനസ്സ് | 910 - ഭൂമിശാസ്ത്രം |
| 660 - കെമിക്കൽ ടെക്നോളജി | 920 - ജീവചരിത്രം |
| 670 - നിർമ്മാണ വ്യവസായം | 930 - പുരാതന ചരിത്രം |
| 680 - യന്ത്രവ്യവസായം | 940 - യൂറോപ്പ് |
| 690 - കെട്ടിട നിർമ്മാണം | 950 - ഏഷ്യ |
| 700 - കലകൾ | 960 - ആഫ്രിക്ക |
| 710 - നാഗരിക കലകൾ | 970 - വടക്കേ അമേരിക്ക |
| 720 - വാസ്തു ശിൽപം | 980 - തെക്കേ അമേരിക്ക |

Dewey Desimal System (how it works), Guide to liberary Research

**Duke Libaries > Guide to Library Research Site Map**

**Part 5 : Searching for information > Books**

## HOW THE DEWEY DECIMAL SYSTEM WORKS

See also the outline of the Dewey numbers

**1** Dewey numbers divede humanity's knowledge, ideas, and artistic creations into ten major categories spanning a renge from 000 to 999:

000 Generalities
100 Philosophy & Psychology
200 Religion
300 Social Sciences
400 Language
500 Nature Science & Maths
600 Technology (Applied Sciences)
700 The arts
800 Literature & Rhetoric
900 Geography & History

**2** Each major category divedes into sub-categories spanning a range of 10 to 900. For example:

500 Natural Science & Mathematics
510 Mathematics
520 Astronomy & allied sciences
530 Physics
540 Chemistry & allied sciences
550 Earth Science

| | |
|---|---|
| 560 | Paleontology & Paleozoology |
| 570 | Life Sciences |
| 580 | Botanical Sciences |
| 590 | Zoological Sciences |

**3** Each sub-category is further divided into nine specialized topics ranging from 1 to 9

| | |
|---|---|
| 520 | Astronomy |
| 521 | Celestial Mechanics |
| 522 | Techniques, Equipment, etc. |
| 523 | Specific celestial bodies |
| 524 | (Unassigned) |
| 525 | Earth (Astronomical geography) |
| 526 | Mathematical geography |
| 527 | Celestial navigation |
| 528 | Ephemerides |
| 529 | Chronology |

**4** By adding decimals, the specialized topics are broken down even further:

| | |
|---|---|
| 523.3 | Moon |
| 523.4 | Planets |
| 523.5 | Meteors, solar wind, zodiacal light |
| 523.6 | Comets |
| 523.7 | Sun |
| 523.71 | Constants and dimensions |
| 523.72 | Physics of |
| 523.73 | Motions |
| 523.74 | Photosphere |
| 523.75 | Chromosphere and corona |
| 523.76 | Solar interion |
| 523.78 | Eclipses |

Take a look at the complete breakdown of Dewey

**Thus the Dewwy Decimal System is a hierarchiacal system, in which the arrangement of books on the shelves moves from the general to the specific.**

some of the Duke Libraries use other classification systems. For example, the School of Law Library, Fuqua Business School Library, and the Medical Center Library use the **Library of Congress Classification System** : Public documents and Maps use the **Superintendent of Documents (SU Docs) Classification System** and other systems. If you need help using one of these classification systems, ask at that library's reference desk.

1. Choosing a topic
2. Finding background information
3. Refining a topic
4. Selecting resources
5. Searching for information
6. Evaluating resources
7. Citing sources

ഗ്രന്ഥശാലാ ശാസ്ത്രം - ഒരാമുഖം :
അവലംബം - നിനദം ബുള്ളറ്റിൻ, ഡയറ്റ്, മലപ്പുറം

Front inner

ചീഫ് എഡിറ്റർ :
**ജോർജ്ജ് ജോസഫ്**

എഡിറ്റർ :
**പി.കെ. റെജി**

എഡിറ്റോറിയൽ ബോർഡ് :
**കെ.കെ സുരേന്ദ്രൻ**
**ടി.വി. ഗോപകുമാർ**
**കെ. ഇന്ദിര**
**സി.ആർ. ബാഹുലേയൻ**
**സി.വി. സുജാത**
**കെ.ജെ. മോളി**

മുഖചിത്രം :
**സുർജിത്**
**അസംപ്ഷൻ യു.പി. സ്കൂൾ, ബത്തേരി**

cover back

പുസ്തകങ്ങളിൽ

വാക്കുകളുടെ കടലിരമ്പുകയാണ്.

സംസ്കൃതിയുടെ ബഹുസ്വരങ്ങൾ,

നൊമ്പരങ്ങൾ, ഹ്ലാദവിസ്മയങ്ങൾ,

അറിയാലോകങ്ങളുടെ അകംപൊരുളുകൾ, ജനപഥങ്ങൾ,

ദർശനങ്ങൾ, സർഗ്ഗാത്മകതകളുടെ നക്ഷത്രശോഭകൾ

അങ്ങനെയങ്ങനെ...

ബ്രഹ്ത് പറയുമ്പോലെ പുത്തനൊരായുധമായി

പുസ്തകങ്ങൾ!